കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

# പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

e-mail: dopkd.ksad@kerala.gov.in

www.lfa.kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി12/371/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തീയതി: 12.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി.12/371/2020 തിയ്യതി: 12.05.2020

# പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.02.19 മുതൽ 7.02.20 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീശൻ. എൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-02-2020 മുതൽ 19-02-2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| സുജാത. പി | ഓഡിറ്റ് ഓഫീസർ |
| പ്രീത. യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ഹരിഗോബിന്ദ്. കെ.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| കാർത്തിക.പി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ. ജയദേവൻ | 01-04-18 മുതൽ 31-03-19 വരെ |
| സെക്രട്ടറി | ശ്രീ ഇ. ഹരിദാസൻ | 01-04-18 മുതൽ 14-03-19 വരെ |
| | ശ്രീ ആഷിഫ്.പി. അസി.സെക്രട്ടറി (അധികച്ചുമതല) | 15-03-19 മുതൽ 31-03-19 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ. ആഷിഫ്.പി. | 01-04-18 മുതൽ 31.3.19 വരെ |
| കൃഷി ഓഫീസർ | ശ്രീ. ആര്യനാഥ്.വി. | 01-04-18മുതൽ 2-11-18 വരെ |
| | ശ്രീമതി. ചിത്ര ഗംഗാധരൻ | 3-11-18 മുതൽ 6-11-18 വരെ<br>30-01-19 മുതൽ 20-02-19 വരെ |
| | ശ്രീ. വാസുദേവൻ (അധികച്ചുമതല) | 7-11-18 മുതൽ 29-01-19വരെ |
| | ശ്രീമതി. നീതു ചന്ദ്രൻ | 21.02.19 മുതൽ 4.03.19 വരെ<br>7.03.19 മുതൽ 31.03.19 വരെ |
| | ശ്രീമതി.സംഗീതകുട്ടി | 5.03.19 മുതൽ 6.03.19 വരെ |
| വെറ്ററിനറി സർജ്ജൻ | ശ്രീ.ജ്യോതിമോൻ.പി.ബി. | 01-04-18 മുതൽ 3-08-18 വരെ |
| | ശ്രീമതി. രേഷ്മ. കെ | 4-08-18 മുതൽ 31-03-19 വരെ |
| വി.ഇ.ഒ | ശ്രീ. പരമേശ്വരൻ. പി | 01-04-18 മുതൽ 31-03-19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കെ.ഹയറുന്നീസ | 01-04-18 മുതൽ 31-03-19 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ. ഗിരിജ സജീവ് | 01-04-18 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ- | ഡോ. അനിജ | 01-04-18 മുതൽ |

| | | |
|---|---|---|
| ആയുർവേദം | | 31-3-19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അനീഷ് നാരായണൻ | 01-04-18 മുതൽ 31-03-19 വരെ |
| ഹെഡ്മിസ്ട്രസ്സ്, GLPS, താനിക്കുന്ന് | ശ്രീമതി.പ്രേമകുമാരി.കെ.കെ | 01-04-18 മുതൽ 31-3-19 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. കെ.പി.ബാലകൃഷ്ണൻ | 01-04-18 മുതൽ 31-3-19 വരെ |

## ഉള്ളടക്കം

## ഭാഗം 1

## ഓഡിറ്റ് റിപ്പോർട്ട്

## ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | തനത് ഫണ്ട് നെഗറ്റീവ് ബാലൻസായി നിലനിൽക്കുന്നത് വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല | 1-9 |
| 10 | ബജറ്റ്- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-10 |
| 11 | ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-11 |
| 12 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ - ചട്ടം പാലിച്ചിട്ടില്ല | 1-12 |
| 13 | വസ്തുനികുതി - ഡാറ്റ പ്യൂരിഫിക്കേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-13 |
| | | |

| | | |
|---|---|---|
| 14 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ് | 1-14 |
| 15 | ക്ഷീര സംഘത്തിൽ പാലളക്കുന്ന കർഷകർക്ക് പാൽ ഉൽപ്പാദനത്തിന് ഇൻസെന്റീവ് - അർഹമായ തുക വകയിരുത്തിയിട്ടില്ല | 1-15 |
| 16 | അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ വിലയിരുത്തൽ. | 1-16 |
| 17 | അംഗണവാടികളുടെ പൂരക പോഷകാഹാരത്തിന്റെ മെയിൻ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല. | 1-17 |
| 18 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്. | 1-18 |
| 19 | അങ്കണവാടികൾക്കായി ലഭ്യമായ കേന്ദ്രധനസഹായത്തിലെ നീക്കിയിരിപ്പ് വിനിയോഗിക്കുവാനുള്ള നിർദ്ദേശങ്ങൾ. | 1-19 |
| 20 | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റ് പൂർണ്ണമായി നിർവ്വഹിച്ചിട്ടില്ല. | 1-20 |
| 21 | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ വിലയിരുത്തൽ. | 1-21 |
| 22 | സാന്ത്വന പരിചരണ പദ്ധതി - മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 1-22 |
| 23 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ് | 1-23 |
| 24 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കി | 1-24 |
| 25 | ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല | 1-25 |
| 26 | പകൽ വീട് പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-26 |
| 27 | പഴയ മോട്ടോർ രേഖാമൂലം തിരിച്ചേൽപ്പിച്ചിട്ടില്ല | 1-27 |
| 28 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം | 1-28 |
| 29 | പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - കൺസൾട്ടിങ്ങ് ഫീസിനത്തിൽ 26000/-രൂപ അധികം നൽകാനിടയായി | 1-29 |
| 30 | തെരുവ് വിളക്ക് പരിപാലനം | 1-30 |
| 31 | മെയ് ന്റനൻസ് ഗ്രാന്റ് വിനിയോഗം - ഘടക | 1-31 |

| | | |
|---|---|---|
| | സ്ഥാപനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ് | |
| 32 | തെരുവ് വിളക്ക് - എൽ.ഇ.ഡി സ്ഥാപിക്കൽ- സ്ഥാപിച്ച വിളക്കുകളുടെ പ്രവർത്തനക്ഷമതാ സാക്ഷ്യപത്രം കെ.എസ്.ഇ.ബിയിൽ നിന്ന് ലഭ്യമാക്കേണ്ടതാണ് | 1-32 |
| 33 | നല്ല ഭൂമി - ഖരമാലിന്യ പദ്ധതി - അജൈവ മാലിന്യങ്ങൾ കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-33 |
| 34 | പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-34 |
| 35 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ് - സംയുക്ത പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ് | 1-35 |
| 36 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ - തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ് | 1-36 |
| 37 | അഗതി രഹിത കേരളം പദ്ധതി - അവലോകനം | 1-37 |

ഭാഗം-II

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ഒന്നുമില്ല

ഭാഗം-III

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ഒന്നുമില്ല

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| | | |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

<u>അനുബന്ധം</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് താഴെ പറയും വിധം 26.03.18 തീയതിയിലെ 1- ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 488693.4 |
| പ്രതീക്ഷിത വരവ് | 46654000 |
| ആകെ | 47142693.40 |
| പ്രതീക്ഷിത ചെലവ് | 46200490 |
| നീക്കിയിരുപ്പ് | 942203.4 |

മേൽ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 12.02.2019ലെ 2- ാം നമ്പർ തീരുമാന പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. 2018-19 വർഷത്തെ ബജറ്റിൽ എസ്റ്റാബ്ലിഷ്മെന്റ്, മറ്റ് ചെലവ് ഹെഡ്ഡുകളിൽ മാത്രം മറ്റം വരുത്തി ആകെയുള്ള വരവ്- ചെലവ് കണക്കുകളിൽ മാറ്റം വരുത്താതെയാണ് ബജറ്റ് റിവൈസ് ചെയ്തിട്ടുള്ളത്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|

| | | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 15.5.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1557606.50 |
| വരവ് | 50019707 |
| ആകെ | 51577313.50 |
| ചെലവ് | 47831784 |
| നീക്കിയിരിപ്പ് | 37745529.50 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 8634000 | 8634000 | 8362773 | 271227 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9561000 | 9561000 | 8926542 | 634458 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5595493 | 5595493 | 3974716 | 1620777 |
| മെയിന്റനൻസ്, - റോഡ് (ACR പ്രകാരം) | 0 | 5419000 | 5419000 | 4896354 | 522646 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2780000 | 2780000 | 2519347 | 260653 |
| *എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണച്ചെലവുകൾ | 4229 | 1203838 | 1208067 | 1192347 | 15720 |
| തൊഴിലാളികളുടെ കൂലി | - | 22059058 | 22059058 | 22059058 | - |
| തനത് ഫണ്ട് -ട്രഷറി TSBഅക്കൗണ്ട് | -81364 | 10367792 | 10286428 | 9375059 | 911369 |
| ടി.എസ്.സി- കാനറാ ബാങ്ക് | 1861 | 69 | 1930 | 1930 | - |
| ബയോഗ്യാസ്- കാനറാ ബാങ്ക് | 6637 | 243 | 6880 | 6880 | - |
| സാക്ഷരത | 1509 | 56 | 1565 | 1565 | - |

| | | | | | |
|---|---|---|---|---|---|
| ജൈവവൈവിധ്യം | 49 | - | 49 | 49 | - |
| കനിവ് - പൂക്കോട്ട്കാവ് സർവ്വീസ് സഹകരണ ബാങ്ക് | 7329 | 220 | 7549 | - | 7549 |
| കുടുംബശ്രീ - പി.പി.എസ് സഹകരണ ബാങ്ക് | 5982 | - | 5982 | 5982 | 0 |
| തനത് ഫണ്ട് - കാനറാ ബാങ്ക്, കല്ലുവഴി | 1450981 | 10916672 | 123677653 | 9575559 | 2792094 |
| ടോട്ടൽ സാനിട്ടേഷൻ | 657741 | - | 657741 | - | 657741 |
| ശുചിത്വ മിഷൻ | - | 1750971 | 1750971 | 130000 | 1620971 |
| *ജോയിന്റ് വെഞ്ചർ - ബ്ലോക്ക് പഞ്ചായത്ത് | 626 | 928750 | 929376 | 928750 | 626 |
| ജില്ലാ പഞ്ചായത്ത് | - | 594730 | 594730 | 594730 | - |
| ബി ഫണ്ട് | - | 227640 | 227640 | 227640 | - |

* സംയുക്ത പദ്ധതികൾക്കായി ലഭ്യമായ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ തനത് ഫണ്ട് - കാനറാ ബാങ്ക്, കല്ലുവഴി അക്കൗണ്ടിൽ ഉൾപ്പെടുന്നു. സംയുക്ത പദ്ധതികൾക്ക് പ്രത്യേക ടി.എസ്.ബി അക്കൗണ്ട് നിലവിലില്ല.ടോട്ടൽ സാനിട്ടേഷൻ, ശുചിത്വ മിഷൻ തുകകളും തനത് ഫണ്ട് അക്കൗണ്ടിൽ ഉൾപ്പെടുന്നു.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 138 | 45515419 | 109 | 35731061 | 29 | 79 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 22 | 18 | 2528826 | 1807074 | 71 |
| അസി.സെക്രട്ടറി | 7 | 7 | 2196600 | 1317939 | 60 |
| കൃഷി ഓഫീസർ | 3 | 2 | 3435750 | 1962400 | 57 |
| മെഡിക്കൽ ഓഫീസർ- | 1 | 1 | 500000 | 473072 | 94 |

| | | | | | |
|---|---|---|---|---|---|
| പി.എച്ച്.സി | | | | | |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 1 | 1 | 800000 | 800000 | 100 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 3150000 | 2584705 | 82 |
| ഐ.സി.ഡി.എസ് | 8 | 7 | 2439993 | 2156650 | 88 |
| വി.ഇ.ഒ | 11 | 11 | 11076689 | 10950189 | 99 |
| ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് | 2 | 2 | 1028000 | 928696 | 90 |
| അസി.എഞ്ചിനീയർ | 76 | 53 | 17909561 | 12300336 | 69 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 450000 | 450000 | 100 |
| ആകെ | 138 | 109 | 45515419 | 35731061 | 79 |

ആകെ വകയിരുത്തിയ തുകയുടെ 79% ആണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും വർക്കിങ്ങ് ഗ്രൂപ്പുകളുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ

സാമ്പത്തിക വർഷത്തെ വർക്കിങ്ങ് ഗ്രൂപ്പ് മിനട്സുകൾ പരിശോധിച്ചതിൽ രണ്ട് തവണ മാത്രമാണ് മിക്ക ഗ്രൂപ്പുകളും യോഗം ചേർന്നിട്ടുള്ളതെന്ന് കാണുന്നു. പല മിനട്സുകളിലും യോഗതീരുമാനങ്ങൾ രേഖപ്പെടുത്തി മിനട്സ് ക്ലോസ് ചെയ്യുന്നില്ല. വിവിധ മേഖലകളിലെ അടിസ്ഥാന വിവരങ്ങൾ അടങ്ങുന്ന സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 16.11.2017 ലെ സ.ഉ (എം.എസ്)224/2017/ ത.സ്വ.ഭ.വ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ആസൂത്രണ സമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കേണ്ടതും, അവസ്ഥാ രേഖകൾ പരിഷ്കരിക്കേണ്ടതുമാണ്.

അതാത് പദ്ധതി ഫയലുകളിൽ മോണിട്ടറിങ്ങ് റിപ്പോർട്ട് ഇല്ല. പദ്ധതി നടപ്പാക്കിയതിന് ശേഷം പൂർത്തീകരണം വരെയും ഓരോ വർക്കിങ്ങ് ഗ്രൂപ്പും മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്.

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 167640 | 94 |
| കർഷകതൊഴിലാളി പെൻഷൻ | 5186400 | 394 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |
| വാർദ്ധക്യകാലപെൻഷൻ | 13612300 | 1054 |
| വികലാംഗപെൻഷൻ | 2502000 | 202 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1228800 | 98 |
| വിധവാ പെൻഷൻ | 8714600 | 705 |

# 1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 10.02.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8761 /-രൂപയുടെ വരവ് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.01.2020 | December 2019 | 22.01.20 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.04.2010 | 2009-10 | 28.05.10 |

# 1-9 തനത് ഫണ്ട് നെഗറ്റീവ് ബാലൻസായി നിലനിൽക്കുന്നത് വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല

2018-19 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ നീക്കിയിരുപ്പ് താഴെ ചേർക്കുന്നു.

1. സ്വച്ഛ് ഭാരത് മിഷൻ, വേൾഡ് ബാങ്ക് സപ്പോർട്ട് ടു ശുചിത്വ മിഷൻ - 1620971

2. ഒ.ഡി.എഫ് ബാക്കി തുക – 657741

3. ബഡ്സ് സ്കൂൾ കുടുംബശ്രീ സംസ്ഥാന മിഷൻ ഗ്രാന്റ് - 1250000

4. ഐ.സി.ഡി.എസ് - 483726

ആകെ - 4012438/-

മേൽ തുകകൾ തനത് ഫണ്ടിൽ നിക്ഷേപിച്ചതായാണ് കാണുന്നത്. (കാനറാ ബാങ്ക്, കല്ലുവഴി) എന്നാൽ വാർഷിക കണക്ക് പ്രകാരം തനത് ഫണ്ടിലെ നീക്കിയിരുപ്പ് - 2792094/- രൂപയാണ്. തനത് ഫണ്ട് നെഗറ്റീവ് ബാലൻസായി നിലനിൽക്കെ ആയത് വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല.

കൂടാതെ MGNREGS പദ്ധതിക്ക് സാമ്പത്തിക വർഷം 950424/- രൂപ അഡ്വാൻസിനത്തിൽ നൽകിയിട്ടുണ്ട്. തനത് ഫണ്ട് നെഗറ്റീവ് ബാലൻസായി നിലനിൽക്കെ അഡ്വാൻസ് അനുവദിക്കാനിടയായ സാഹചര്യം വിശദീകരിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - /18.02.20) ലഭ്യമാക്കിയ മറുപടി താഴെ ചേർക്കുന്നു.

പഞ്ചായത്തിലെ വിവിധ പദ്ധതികൾക്കായി മറ്റു വകുപ്പുകളിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകൾ നിക്ഷേപിക്കുന്നതിന് പ്രത്യേക അക്കൗണ്ടുകൾ തുടങ്ങാത്തതിനാൽ ഇവ തനത് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. തനത് ഫണ്ട് വരുമാനം വളരെ കുറവായതിനാൽ ചെലവുകൾ നിർവ്വഹിക്കുന്നത് ടി അക്കൗണ്ടിലുള്ള പ്രത്യേക ഫണ്ടുകൾ കൂടി വിനിയോഗിച്ചാണ്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേക ഉദ്ദേശ ഗ്രാന്റുകളിൽ സ്വച്ഛ് ഭാരത് മിഷൻ ഫണ്ട് 1200000/-രൂപയും, ഒ.ഡി.എഫ് ബാക്കി തുകയായ 657741/- രൂപയും ചേർത്ത് ആകെ 1857741/-രൂപയിൽ 1776000/-രൂപ വകയിരുത്തി 2019-20 വർഷത്തിൽ ഒ.ഡി.എഫ് ഗ്യാപ് ഫില്ലിങ്ങ് എന്ന പേരിൽ പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. ടി തുക 31.03.2020 നകം ചെലവഴിക്കുമെന്ന് നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ അറിയിച്ചിട്ടുണ്ട്.

ബഡ്സ് സ്കൂളിനായി ലഭിച്ച 1250000/-രൂപ അസി. സെക്രട്ടറിയുടെയും, പഞ്ചായത്ത് പ്രസിഡന്റിന്റെയും പേർക്ക് ആരംഭിച്ച സംയുക്ത അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്. വേൾഡ് ബാങ്ക് സപ്പോർട്ട് ടു ശുചിത്വ മിഷൻ ഫണ്ട് 420971/-രൂപ ഉപയോഗിച്ച് പൂക്കോട്ട്കാവ് സെന്ററിൽ ഒരു സാനിട്ടറി കോംപ്ലക്സ് 2020-21നിർമ്മിക്കുന്നതിനുള്ള പദ്ധതിയും പരിഗണനയിലുണ്ട്.

തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് കേന്ദ്ര ഫണ്ട് ലഭിക്കാത്തതിനാലാണ് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അഡ്വാൻസ് നൽകിയത്. നിലവിൽ പ്രത്യേകോദ്ദേശ ഫണ്ടുകൾക്ക് പ്രൊജക്ടുകൾ വെച്ചതിനാലും, ആയത് പ്രത്യേക അക്കൗണ്ടുകളിൽ മാറ്റി നിക്ഷേപിക്കുന്നതിനാലും ഈ പ്രശ്നം പരിഹരിക്കുന്നതാണ്. 18.02.20 ന് തനത് ഫണ്ടിലെ നീക്കിയിരുപ്പ് 39,37,309/-രൂപയാണ്.

ഓഡിറ്റ് നിർദ്ദേശം

പ്രത്യേകോദ്ദേശ ഫണ്ടുകൾക്ക് പ്രത്യേക അക്കൗണ്ടുകൾ ആരംഭിച്ച് നിർദ്ദിഷ്ട പദ്ധതികൾക്ക് തന്നെ തുക വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

വരവ് - ചെലവുകൾ രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ നീക്കിയിരുപ്പ് Receipt & Payment schedule RP-40(b) യുമായി പൊരുത്തപ്പെടേണ്ടതാണ്.

തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (എൻക്വയറി നം.18/18.02.2020)

# 1-10 ബജറ്റ്- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്.

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15-ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7 -ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 -ന് മുൻപ് |

2018-19 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച പ്രകാരം ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തതായോ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.

വിവിധ സ്ഥാപന മേധാവികളോട് പ്രതീക്ഷിക്കുന്ന വരവ് ചെലവ് കണക്കുകളുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ സെക്രട്ടറി 16-02-2018 തിയതിയിലെ കത്ത് മുഖേനയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിലേക്കായി നോൺ പ്ലാൻ പ്രൊപ്പോസലുകൾ വെറ്ററിനറി സർജൻ 19-02-2018 തിയതിയിലും മെഡിക്കൽ ഓഫീസർ - ആയുർവേദം, മെഡിക്കൽ ഓഫീസർ - പി.എച്ച്.സി എന്നിവർ 20-02-18 തിയതിയിലും ഐ.സി.ഡി.എസ് സൂപ്പർവൈസർ 21-02-2018 തിയതിയിലും കൃഷി ഓഫീസർ 06-03-2018 നുമാണ് ലഭ്യമാക്കിയിട്ടുള്ളത്. എച്ച്.എം നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും തിയതി രേഖപ്പെടുത്തിയിട്ടില്ല. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ വിവരങ്ങളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 20-03-2018 -ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച വാർഷിക ബജറ്റ്, ഭരണ സമിതി 26-03-2018 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 12-02-19 തീയതിയിലെ 2(1) നമ്പർ തീരുമാനം പ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്.

തുടർന്നുള്ള വർഷങ്ങളിൽ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-11 ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

1) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 1996ലെ കേരളാ പഞ്ചായത്ത് രാജ് ( അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചട്ടങ്ങളുടെ പേര് 1996ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ എന്ന് മാറ്റുകയും ചെയ്തു.

കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ്

നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ചട്ടത്തിലെ ഭേദഗതി പ്രകാരമുള്ള ലൈസൻസ് അനുവദിച്ചിട്ടില്ല. ചട്ടത്തിലെ ഭേദഗതി പ്രകാരം ലൈസൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2)വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നും പുതുക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിനായി വാർഡ് അടിസ്ഥാനത്തിലുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. 2018-19 ലെ ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 83 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ 75 സ്ഥാപനങ്ങളാണ് ഉള്ളത്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 409 വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ പഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ നിയമാനുസൃതം ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഫീൽഡ് പരിശോധന നടത്തി ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3)ഗ്രാമ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകളുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. 2018-19 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | എ. ആർ. ഡി നമ്പർ | പേര്,സ്ഥലം |
|---|---|---|
| 1 | 1948050 | പി.എ.സേതുരാജ്, കാട്ടുകുളം |
| 2 | 1948053 | പി.മനോജ്കുമാർ, പൂക്കോട്ട്കാവ് |
| | | |

| | | |
|---|---|---|
| 3 | 1948057 | അച്ച്യുതൻ, കല്ലുവഴി |
| 4 | 1948194 | എ.സുബ്രഹ്മണ്യൻ, പുഞ്ചപ്പാടം |
| 5 | 1948249 | ധർമ്മരാജൻ, പട്ടിശ്ശേരി |

റേഷൻ കടകളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-12 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ - ചട്ടം പാലിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഫാമുകൾക്ക് 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഫോറം നമ്പർ 3 ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ചട്ടപ്രകാരമുള്ള ലൈസൻസ് ആവശ്യമാണ്. 2018-19 ൽ ലൈസൻസ് നല്കിയ താഴെപ്പറയുന്ന ഫാമുകൾക്ക് മേൽ ചട്ടപ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

| ലൈസൻസ് നം. | കെട്ടിടനം./ വാർഡ് നം. | അപേക്ഷകന്റെ പേരും മേൽ വിലാസവും | സ്ഥാപനം |
|---|---|---|---|
| 2/18-19 | 12/315-320 | ഇബ്രാഹിം,ചെരവതൊടി, മുന്നൂർക്കോട് പി.ഒ | കോഴിഫാം |
| 3/18-19 | 13/202A | ഹംസ, കല്ലുവഴി, പൂക്കോട്ട്കാവ് | കോഴിഫാം |
| 6/ 18-19 | 4/204A | അലി&അബ്ദുൾലത്തീഫ്, പട്ടാണി(ഹൗസ്), ചെർപ്പുളശ്ശേരി | കോഴിഫാം |
| 7/18-19 | 3/359 | പി.ജെ.ജോർജ്,കല്ലുവഴി, പൂക്കോട്ട്കാവ് | പന്നിഫാം |
| 30/18-19 | 4/268A, 268B | വിനോദ്&മുഹമ്മദ്സാലി, ആനമങ്ങാട് | കോഴിഫാം |
| 46/18-19 | 6/415 | മല്ലിക.ജെ, വടക്കേ പുത്തൻമഠം, കാട്ടുകുളം | പശുഫാം |

| | | | |
|---|---|---|---|
| 75/18-19 | 2/151 | ശ്രീധരൻ, വാലിപ്പറമ്പിൽ, കല്ലുവഴി | കോഴിഫാം |
| 81/18-19 | 5/317A, 317B | മുരളീധരൻ, പരിയാരത്ത്(ഹൗസ്), കാട്ടുകുളം | കോഴിഫാം |

മേൽ സൂചിപ്പിച്ച പ്രകാരം ഫാമുകൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 വസ്തുനികുതി - ഡാറ്റ പ്യൂരിഫിക്കേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 5321 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പാർപ്പിടം | 4754 |
| അസംബ്ലി കെട്ടിടം/ കൺവെൻഷൻ സെന്റർ,ആഡിറ്റോറിയം ,കല്ല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 7 |
| ആശുപത്രികൾ | 5 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 26 |
| ഓഫീസ് ആവശ്യം(വ്യവസായശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 5 |
| മൊബൈൽ ടവർ | 5 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 191 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 18 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ | 0 |

| | |
|---|---|
| ഗോഡൌണുകൾ | |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 4 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 196 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/ കയർപിരി ഷെഡ് | 72 |
| വിദ്യാഭ്യാസാവശ്യം | 38 |
| ആകെ | 5321 |

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് വസ്തു നികുതി ഡാറ്റ പ്യൂരിഫിക്കേഷൻ നടത്തിയത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2017-18 വരെ പഞ്ചായത്തിൽ നിലവിലുള്ള കെട്ടിടങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ ചെയ്തത് പഞ്ചായത്തിൽ ലഭ്യമായ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരമാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി കെട്ടിടങ്ങളുടെ ഡിമാന്റിൽ വ്യത്യാസം വരുത്തി കാലികമാക്കിയതിന്റെ രേഖകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇത് സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞില്ല.(ഓഡിറ്റ് അന്വേഷണം നം.16/17-02-2020)

# 1-14 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1) (ii)എ(i) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും.

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ട് അർദ്ധ വർഷത്തെയും/ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര. നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | നികുതി ഈടാക്കിയ അർദ്ധവർഷം / ഈടാക്കിയ തുക | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കുടുംബശ്രീ, C.D.S ഓഫീസ്, പൂക്കോട്ട്കാവ് | ലഭ്യമല്ല | --- | ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | സാക്ഷരത കേന്ദ്രം, പൂക്കോട്ട്കാവ് | ലഭ്യമല്ല | --- | ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | ഖാദി കേന്ദ്രം, കല്ലുവഴി | ലഭ്യമല്ല | ---- | ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | നീതി സ്റ്റോർ, പൂക്കോട്ട്കാവ് | ലഭ്യമല്ല | --- | ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | മാവേലി സ്റ്റോർ- അസി. സെയ്ൽസ്മാൻ | | ഒന്നാം അർദ്ധവർഷം 1250/- | രണ്ടാം അർദ്ധ വർഷം |
| 6 | പി.എച്ച്.സി, പൂക്കോട്ട്കാവ്, ഫാർമസിസ്റ്റ് | | രണ്ടാം അർദ്ധ വർഷം 1250/- | ഒന്നാം അർദ്ധവർഷം |
| 7 | ക്ഷീരോൽപ്പാദക സഹകരണ സംഘം, കാട്ടുകുളം | 2 | രണ്ടാം അർദ്ധ വർഷം 600/- | ഒന്നാം അർദ്ധവർഷം |
| 8 | ക്ഷീരോൽപ്പാദക സഹകരണ സംഘം, കല്ലുവഴി | 2 | രണ്ടാം അർദ്ധ വർഷം 240/- | ഒന്നാം അർദ്ധവർഷം |
| 9 | ക്ഷീരോൽപ്പാദക സഹകരണ സംഘം, മുന്നൂർക്കോട് | 4 | രണ്ടാം അർദ്ധ വർഷം 960/- | ഒന്നാം അർദ്ധവർഷം |

കുടുംബശ്രീ, C.D.S ഓഫീസ്- പൂക്കോട്ട്കാവ്, സാക്ഷരത കേന്ദ്രം- പൂക്കോട്ട്കാവ്, ഖാദി കേന്ദ്രം-കല്ലുവഴി, നീതി സ്റ്റോർ-പൂക്കോട്ട്കാവ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ

എണ്ണം, പേര്, തസ്തിക, ശമ്പളവിവരം എന്നിവ കൂടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടുവെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല.(ഓഡിറ്റ് അന്വേഷണം നം. 8/13-02-2020)

ബി)ഗ്രാമപഞ്ചായത്തിലെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ 8 കോൺട്രാക്റ്റർമാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ഫയലുകളും അനുബന്ധ രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന 6 കോൺട്രാക്റ്റർമാരിൽ നിന്നും രണ്ട് അർദ്ധ വർഷത്തെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. കോൺട്രാക്റ്റർമാരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് |
|---|---|
| 1 | കെ.ജി.മോഹൻകുമാർ |
| 2 | വി.രാജൻ |
| 3 | എം.എം.ജോൺ |
| 4 | കെ.അരവിന്ദൻ |
| 5 | കെ.ടി.ഗോവിന്ദൻകുട്ടി |
| 6 | പി.പ്രദീപൻ |

<u>സി) സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|
| കാർഷിക ഉൽപ്പാദന സംഭരണ വിപണന ക്രെഡിറ്റ് സഹകരണ സംഘം, പൂക്കോട്ട്കാവ് | ഒന്നും രണ്ടും അർദ്ധ വർഷം |
| ക്ഷീരോൽപ്പാദക സഹകരണ സംഘം, കാട്ടുകുളം | ഒന്നും രണ്ടും അർദ്ധ വർഷം |
| ക്ഷീരോൽപ്പാദക | ഒന്നും രണ്ടും |

| | |
|---|---|
| സഹകരണ സംഘം, കല്ലുവഴി | അർദ്ധ വർഷം |
| ക്ഷീരോൽപ്പാദക സഹകരണ സംഘം, മുന്നൂർക്കോട് | ഒന്നാം അർദ്ധ വർഷം |
| പൂക്കോട്ട്കാവ് സർവ്വീസ് സഹകരണ ബാങ്ക് | ഒന്നും രണ്ടും അർദ്ധ വർഷം |

ഡി)റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-15 ക്ഷീര സംഘത്തിൽ പാലളക്കുന്ന കർഷകർക്ക് പാൽ ഉൽപ്പാദനത്തിന് ഇൻസെന്റീവ് - അർഹമായ തുക വകയിരുത്തിയിട്ടില്ല

പ്രോജക്ട് നം. - 102/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഡയറി ഫാം ഇൻസ്ട്രക്ടർ

പദ്ധതി നടപ്പാക്കിയതിന്റെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | അടങ്കൽ (രൂപ ) | ചെലവ് (രൂപ ) |
|---|---|---|
| വികസന ഫണ്ട്- ജനറൽ | 300000/- | 300000/- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 100000/- | 100000/- |
| ജില്ലാ പഞ്ചായത്ത് വിഹിതം | 50000/- | 50000/- |
| ആകെ | 450000/- | 450000/- |

ഗ്രാമ പഞ്ചായത്തിലെ ആകെ 3 ക്ഷീരസംഘങ്ങളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള 257 ക്ഷീര കർഷകർക്ക് 2018 ഏപ്രിൽ മുതൽ മാർച്ച് 2019 വരെ ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. 13-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(കൈ) നം.22/2018 തസ്വഭവ, തീയതി. 14.02.2018 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. ക്ഷീരോൽപാദനം പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടിയാണ് ബോണസ് എന്ന രീതിയിൽ സർക്കാർ സബ്സിഡി മാർഗരേഖയിൽ ഇത് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ടി പദ്ധതിയിലൂടെ താഴെ പറയും പ്രകാരമാണ് ഗുണഭോക്താക്കൾക്ക് ഇൻസെന്റീവ് നൽകിയിരിക്കുന്നത്.

| | |
|---|---|
| വികസന ഫണ്ട്-ജനറൽ | 2018 ഏപ്രിൽ മുതൽ ജൂൺ വരെ 4/- രൂപ നിരക്കിൽ 178 ഗുണഭോക്താക്കൾക്കും 2018 ജൂലൈ മുതൽ ഒക്ടോബർ മാസത്തിൽ 10 ദിവസം വരെ 49 ഗുണഭോക്താക്കൾക്കും നൽകിയിട്ടുണ്ട് |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2018 ജൂലൈ മുതൽ ഒക്ടോബർ മാസത്തിൽ 10 ദിവസം വരെ 70 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട് |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2018 ജൂലൈ മുതൽ ഒക്ടോബർ മാസത്തിൽ 10 ദിവസം വരെ 58 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട് |

ബാക്കി 5 മാസങ്ങളിൽ ഇൻസെന്റീവ് നൽകിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ ഗുണഭോക്താക്കൾക്ക് അർഹമായ ഇൻസെന്റീവ് നൽകുന്നതിനാവശ്യമായ ഫണ്ട് വകയിരുത്താൻ ശ്രമിക്കേണ്ടതാണ്.

<u>നിർവ്വഹണ ഉദ്യോഗസ്ഥൻ ഗവ.ഉത്തരവ് പ്രകാരമുള്ള കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.</u>

ധനാഗമം/ ധനവിനിയോഗം സർക്കാർ ഉത്തരവ് ജി.ഒ.(പി) 177/2006/ഫിൻ തിയ്യതി 12.4.2006, ജി.ഒ.(പി) 119/2015/ഫിൻ തിയ്യതി 21.3.2015 ഖണ്ഡിക 18-കാഷ് ബുക്ക്-ഖണ്ഡിക 18.3 പ്രകാരം നിര്വ്വഹണോദ്യോഗസ്ഥർ ടി.ആർ.-7-എ കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തണം എന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് - ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഡയറി ഫാം ഇൻസ്ട്രക്ടർ പ്രസ്തുത കാലയളവിൽ ഉത്തരവിലെ നിർദ്ദേശ പ്രകാരമുള്ള കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ടി.ആർ.-7-എ കാഷ് ബുക്കിന്റെ ഫോർമാറ്റിലുള്ള കുറച്ച് പേജുകളിൽ പദ്ധതി പ്രകാരമുള്ള വരവ് - ചെലവ് കണക്കുകളുടെ വിവരം എഴുതിയാണ് ഓഡിറ്റിന് ഹാജരാക്കിയത്.

# 1-16 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ വിലയിരുത്തൽ.

പൂക്കോട്ട് കാവ് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള 13 വാർഡുകളിൽ ആകെ 16 അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്.ഇവയിൽ 16 വർക്കറും, 16 ഹെൽപ്പർമാരും നിലവിൽ സേവനമനുഷ്ടിച്ച് വരുന്നുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ 14.02.2018 ന് കൂടിയ ശിശു വികസന വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകളുടെ പരിശോധനയിൽ നിന്നും നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനായി വിവിധ നിർദ്ദേശങ്ങൾ ഉയർന്ന് വന്നിട്ടുള്ളതായി വ്യക്തമായിട്ടുണ്ട്.വിശദവിവരങ്ങൾ :

1)കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കണം.

2)അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം.(വൈദ്യുതി, കുടിവെള്ളം, ചുറ്റുമതിൽ, കുട്ടികളെ ആകർഷിക്കുന്ന രീതിയിലുള്ള ചുമർ ചിത്രങ്ങൾ).

3)അങ്കണവാടികളില്ലാത്ത 8 വാർഡുകളിൽ ഇവ നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

4)പൂക്കോട്ടുകാവ് സെന്ററിൽ ഒരു ഇ-ടോയ്ലററ് സംവിധാനം ഒരുക്കണം.

പ്രസ്തുത തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അങ്കണവാടികൾക്ക് താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം അറിയിച്ചിട്ടുണ്ട് :

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | ആകെയുള്ള 16അങ്കണവാടികളിൽ സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 02 |
| 2 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | - |
| 3 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | 16 |
| 4 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | - |
| 5 | ഫാൻ ഇല്ലാത്തവ | - |
| 6 | ബേബി ഫ്രണ്ടലി ടോയ് ലറ്റ് സൗകര്യം ഇല്ലാത്ത സെന്ററുകളുടെ എണ്ണം | 14 |
| 7 | ശുദ്ധജല സംഭരണികൾ | 16 എണ്ണത്തിനും |

| | | |
|---|---|---|
| | | ഉണ്ട്. |
| 8 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 02 |
| 9 | ധാന്യ സംഭരണികൾ ഇല്ലാത്ത സെന്ററുകളുടെ എണ്ണം | - |
| 10 | വാടകയ്ക്കെടുത്ത അങ്കണവാടികളുടെ എണ്ണം | 02 |
| 11 | വാടകയില്ലാതെ പ്രവർത്തിക്കുന്നവയുടെ എണ്ണം | - |

ഓഡിറ്റ് നിർദ്ദേശങ്ങൾ

സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും, സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1.പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്.

2.വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, ചുറ്റുമതിൽ എന്നിവയുടെ കേടുപാടുകൾ തീർത്ത് പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

3.വാടകയ്ക്ക് പ്രവൃത്തിച്ച് വരുന്ന സെന്ററുകൾ (2 എണ്ണം) ഭൗതിക സൗകര്യങ്ങളുള്ള സുരക്ഷിതത്വമുള്ള കെട്ടിടങ്ങളിൽ മാത്രമെ പ്രവർത്തിക്കുവാൻ പാടുള്ളൂ.വാടക കെട്ടിടങ്ങളിൽ പ്രവൃത്തിക്കുന്ന അങ്കണവാടികളുടെ വാർഷിക അറ്റകുറ്റ പണിയുടെ ഉത്തരവാദിത്വം കെട്ടിട ഉടമയ്ക്കാണ്.മതിയായ സുരക്ഷിതത്ത്വം ഇല്ലാത്ത കെട്ടിടങ്ങളിലാണ് പ്രവൃത്തിക്കുന്നതെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനം/കെട്ടിട ഉടമ ആയത് ഏർപ്പെടുത്തേണ്ടതാണ്.

4.ബേബി ഫ്രൺണ്ടലി ടോയലറ്റ് ഇല്ലാത്ത അങ്കണവാടികൾക്ക് പ്രസ്തുത സൗകര്യം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ICDS സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിലെ അങ്കണവാടികളുടെ അവസ്ഥാവിശകലനം നടത്തേണ്ടതാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള പരിഹാര നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-17 അംഗണവാടികളുടെ പൂരക

# പോഷകാഹാരത്തിന്റെ മെയിൻ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അടങ്കലായി വകയിരുത്തി അങ്കണവാടികളുടെ പൂരക പോഷകാഹാര വിതരണ പദ്ധതിക്കുള്ള പ്രൊജക്റ്റ് നം. S0040/19 പ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

അടങ്കലിന്റെ വിശദവിവരങ്ങൾ :

| | |
|---|---|
| വികസന ഫണ്ട് | 8,00,000/- |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4,00,000/- |
| ആകെ | 12,00,000/- |

ചെലവിന്റെ വിശദവിവരങ്ങൾ :

| ബിൽ നം./തിയതി | ചെലവ് |
|---|---|
| 1/18-19/13/06/2018 | 1,74,465/- |
| 2/18-19/31/08/2018 | 2,25,799/- |
| 7/18-19/28/10/2018 | 1,61,586/- |
| 8/18-19/30/11/2018 | 1,54,151/- |
| 12/18-19/8/02/2019 | 83,999/- |
| ആകെ | 8,00,000/- |

കേന്ദ്ര വിഹിതത്തിന്റെ ചെലവ് വിവരങ്ങൾ :

| ചെക്ക് നം./തീയതി | തുക |
|---|---|
| 1115236/23/03/2019 | 1,78,228/- |
| 72105140000/11/03/2019 | 88,429/- |
| ആകെ | 2,66,657/- |

ട്രഷറിയിലൂടെ മാറിയ 31.08.2018 ലെ ബിൽനം:2/18-19 പ്രകാരം 2,25,799/- രൂപ വിനിയോഗിച്ച് മാവേലി സ്റ്റോറിലൂടെ ലഭ്യമാക്കിയ പൂരക പോഷകാഹാരത്തിനുള്ള ഇൻവോയ്സിലെ അളവിൽ നിന്നും വ്യത്യസ്തമായാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.വിശദവിവരങ്ങൾ :

| ഇൻവോയ്സ് | പൂരക | അളവ് | നിരക്ക് | തുക |
|---|---|---|---|---|

| നം.തിയ്യതി | പോഷകാഹാരം | | | |
|---|---|---|---|---|
| 78/25/07/2018 | അമൃതം | 677 | 70 | 47,390 |

| അമൃതം(25.07.2018ലെ ഇൻവോയ്സ് നം.78 ) പ്രകാരം | സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം | വ്യത്യാസം | തുക (40*70) |
|---|---|---|---|
| 677 | 637 | 40 | 2,800/- |

പട്ടികപ്പെടുത്തിയ സംക്ഷിപ്ത പ്രകാരമുള്ള വ്യത്യാസത്തിനുള്ള വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കുവാനായി 17.02.2020 ലെ അന്വേഷണ നം.17 പ്രകാരം ആവശ്യപ്പെട്ടിരുന്നു. അപാകത സെന്ററിൽ പരിശോധിച്ച് ശരിയാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിലുള്ള കണക്കുകളിലെ കൃത്യത ഉറപ്പ് വരുത്തി പരിഹാര നടപടികൾ സമയബന്ധിതമായി സ്വീകരിച്ച് രേഖാമൂലമുള്ള വിശദീകരണം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. സമയബന്ധിതമായി വിശദീകരണം ലഭ്യമാക്കാത്ത പക്ഷം സർചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

# 1-18 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്.

3 വയസ്സും 6വയസ്സിനും ഇടയിൽ പ്രായമുള്ള അങ്കണവാടികളിലെ കുട്ടികൾക്കായി ഐ.സി.ഡി.എസ് സൂപ്പർവൈസർ പ്രൊജക്റ്റ് പ്രകാരം അംഗീകാരം ലഭ്യമാക്കി ടി.എച്ച്.ആർ.എസ്. ഉൾപ്പെട്ട പൂരക പോഷകാഹാര വിതരണം നടത്തി വരുന്നുണ്ട്.പ്രസ്തുത ന്യൂട്രിമിക്സ് സാമ്പിളുകൾ സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും, ഓരോ കുടുമ്പശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെ സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി, തൃപ്തികരമാണെന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുമ്പശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.

<u>1)ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾക്കുള്ള ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സ്വീകരിച്ച് വരുന്ന കാലയളവ്.</u>

15.09.2018 ലെ ഐ.സി.ഡി.എസ്/എസ്.കെ.പി/709/18 നം. കത്ത് പ്രകാരം ഒരു തവണ മാത്രമെ 2018-19 സാമ്പത്തിക വർഷത്തിൽ ചെന്നയിൽ സ്ഥിതി ചെയ്യുന്ന

ലാബിലേക്ക് അയച്ചിട്ടുള്ളൂ.ആയതിന് 31.01.2018 ന് പോസിറ്റീവായി ലാബ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010ലെ ഐ.സി.ഡി.എസ്. ബി 3-312/2010 നം.കത്ത് മുഖേന നൽകിയ നിർദ്ദേശം പാലിക്കുവാനുള്ള അനന്തര നടപടികൾ സ്വീകരിക്കുകയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-19 അങ്കണവാടികൾക്കായി ലഭ്യമായ കേന്ദ്രധനസഹായത്തിലെ നീക്കിയിരിപ്പ് വിനിയോഗിക്കുവാനുള്ള നിർദ്ദേശങ്ങൾ.

2018-19 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളുടെ പൂരക പോഷകാഹാരത്തിനായി ലഭ്യമായ കേന്ദ്രധനസഹായത്തിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| കേന്ദ്രധനസഹായത്തിലെ മുന്നിരിപ്പ് | 4,55,008/- |
| ലഭിച്ച കേന്ദ്രവിഹിതം | 2,95,375/- |
| ആകെ | 7,50,383/- |
| വിനിയോഗിച്ചത് | 2,66,657/- |
| 2018-19 ൽ വിനിയോഗിയ്ക്കാത്ത നീക്കിയിരിപ്പ് | 4,83,726/- |

കേന്ദ്രധനസഹായത്തിലെ നീക്കിയിരിപ്പായ 4,83,726/- രൂപ 31.03.2019 വരെ അങ്കണവാടികളുടെ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട്.

3.09.2010 ലെ സ.ഉ. 39033/ ഡി.സി2/2010 ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിലെ ചെലവഴിക്കാത്ത നീക്കിയിരിപ്പ് അങ്കണവാടികളുടെ താഴെ പറയുന്ന പശ്ച്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനായി വിനിയോഗിക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നു :

സ്വന്തമായി സ്ഥലമില്ലാത്ത അംഗണവാടികൾക്ക് സ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുവാനും, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാനും, കുട്ടികൾക്കുള്ള കളിക്കോപ്പുകളും, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ/ സംഭരണികൾ എന്നിവ ലഭ്യമാക്കുവാനും വിനിയോഗിക്കാവുന്നതാണ്.

തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റ് പൂർണ്ണമായി നിർവ്വഹിച്ചിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി വിഭാവനം ചെയ്ത് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റ് പൂർണ്ണമായി നിർവ്വഹിച്ചിട്ടില്ല.വിശദവിവരങ്ങൾ :

I)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0095/19 |
| പേര് | കക്കൂസ് മുറി നവീകരണം |
| അടങ്കൽ | 3,90,000/- (എസ്.സി.പി) |

<u>ചെലവിന്റെ വിശദവിവരങ്ങൾ</u>

| ബിൽ നം./തീയതി | ചെലവ് |
|---|---|
| 31/18-19/18/03/2019 | 1,20,000/- |
| 33/18-19/23/03/2019 | 96,000/- |
| 34/18-19/23/03/2019 | 12,000/- |
| 36/18-19/27/03/2019 | 54,000/- |
| ആകെ | 2,82,000/- |

<u>പ്രൊജക്റ്റ് നിർവ്വഹണത്തിനുള്ള അനുമതി</u>

കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി 25.01.2019 ലാണ് ലഭ്യമായിട്ടുള്ളത്.(സ.ഉ.(സാധാ)നം.165/2019/തസ്വഭവ )പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി 3.9.2018 ന് 84 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന പട്ടികയും, 11.03.2019 ന് 32 ഗുണഭോക്തക്കളുടെ അധിക ഗുണഭോക്തൃ പട്ടികയും ലഭിച്ചു.ആകെയുള്ള 126 ഗുണഭോക്താക്കളിൽ 47 പേർ മാത്രമാണ് പദ്ധതി പ്രകാരം അർഹതയുള്ളവരായി നിർണ്ണയിക്കപ്പെട്ടിട്ടുള്ളതും, തുക അനുവദിക്കുകയും ചെയ്തിട്ടുള്ളത്.

<u>പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് നൽകിയ ആനുകൂല്യത്തിന്റെ വിശദവിവരങ്ങൾ :</u>

65ഗുണഭോക്താക്കൾക്ക് 6,000/- രൂപ എന്ന നിരക്കിൽ 3,90,000/- രൂപ അടങ്കലായി വകയിരുത്തിയാണ് പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്.ഗ്രാമസഭയിലൂടെ തെരഞ്ഞെടുത്ത അർഹരായ ആകെ ഗുണഭോക്താക്കളിൽ 47 ഗുണഭോക്താക്കൾക്ക് 6,000/- രൂപ പ്രകാരം ആകെ 2,82,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.ബാക്കി 18 ഗുണഭോക്താക്കൾക്കുള്ള 6000/- രൂപ പ്രകാരം 1,08,000/- രൂപ വിനിയോഗിക്കാതെ നീക്കിയിരിപ്പായി അവശേഷിക്കുകയാണുണ്ടായത്.

<u>പദ്ധതി പൂർത്തീകരിക്കാത്തതിനുള്ള കാരണം</u>

1)കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന് വേണ്ടി 2018 ജൂൺ മാസം അപേക്ഷ സമർപ്പിച്ചുവെങ്കിലും 25.01.2019 നാണ് അനുമതി ഉത്തരവ് ലഭ്യമായത്.

2)11.03.2019ലാണ് അധിക ഗുണഭോക്തൃ പട്ടിക ലഭ്യമായത്.പ്രസ്തുത കാരണത്താൽ അർഹരായവരുടെ അന്തിമ പട്ടിക തയ്യാറാക്കുവാൻ കാലതാമസം സൃഷ്ടിച്ചു.

3)പ്രൊജക്റ്റ് വിഭാവന പ്രകാരം 126 പേരിൽ 47 പേർക്ക് ആനുകൂല്യം നൽകുകയും, ബാക്കി ഗുണഭോക്താക്കളുടെ അഭാവം മൂലം പ്രൊജക്റ്റ് പൂർണ്ണമായി പൂർത്തീകരിക്കുന്നതിന് തടസ്സം സൃഷ്ടിക്കപ്പെടുകയും ചെയ്തു.

4)പ്രൊജക്റ്റിൽ അവശേഷിക്കുന്ന 18 ഗുണഭോക്താക്കൾക്ക് വേണ്ടി അടുത്ത സാമ്പത്തിക വർഷത്തിൽ സ്പിലോവറായി തുടരാതെ ഉപേക്ഷിക്കപ്പെടുകയാണുണ്ടായത്. ഉപേക്ഷിക്കപ്പെടുവാനുള്ള പ്രൊജക്റ്റുകൾക്കെല്ലാം തന്നെ പ്രത്യേക ഭരണസമിതി തീരുമാനം സ്വീകരിച്ചിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

a)27.09.2003 പ്രകാരം സർക്കുലർ 45369/ഡി.പി..1/03 പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം എല്ലാവർക്കും ധനസഹായം നൽകുവാൻ കഴിയാത്ത സന്ദർഭങ്ങളിൽ പ്രാരംഭ നടപടികൾ സ്വീകരിച്ച് അടുത്ത സാമ്പത്തിക വർഷത്തിൽ സ്പിലോവറായി ഉൾപ്പെടുത്താവുന്നതാണ്.പിന്നീട് ഗ്രാമസഭയിൽ ലിസ്റ്റ് അവതരിപ്പിച്ച് സാധൂകരണം ലഭ്യമാക്കാവുന്നതാണ്.

b)2018-19 ൽ പ്രൊജക്റ്റ് ഉപേക്ഷിക്കപ്പെട്ടാൽ 2019-20ൽ കാറ്റഗറി 1 പ്രൊജക്റ്റായി (സ്പ്പിലോവർ) ഉൾപ്പെടുത്തുവാൻ സാധ്യമാവുകയില്ല.

c)കാറ്റഗറി 2 പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ 2019-20 ലെ ബജറ്റ് വിഹിതത്തിൽ നിന്നും തുക കുറവാകുകയും ചെയ്യും.

d)പദ്ധതി നിർവ്വഹണം പൂർത്തിയാവുന്നത് വരെ ഗ്രാമസഭയിലൂടെ തെരഞ്ഞെടുത്ത പദ്ധതി നിർവ്വഹണത്തിന്റെ പ്രാരംഭ ഘട്ടം മുതൽ , ഉദ്ദേശ ലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കപ്പെടുന്നത് വരെ വർക്കിംഗ് ഗ്രൂപ്പ് പദ്ധതികളുടെ സുഗമമായ നിർവ്വഹണം ഉറപ്പ് വരുത്തേണ്ടതാണ്.

ഭാവിയിൽ പദ്ധതികൾ ഉപേക്ഷിക്കപ്പെടുവാനുള്ള മേൽ സാഹചര്യങ്ങൾ ഒഴിവാക്കുവാനായി ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രവർത്തികമാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ വിലയിരുത്തൽ.

കേരളത്തിലെ എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവന നിർമ്മാണം. LIFE മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരം ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടികയിലെ എല്ലാ ഭൂമിയുള്ള ഭവന രഹിതർക്കും 2018-19 സാമ്പത്തിക വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുക എന്നതാണ് പ്രധാന ലക്ഷ്യം.

<u>ലൈഫ് മിഷന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്.</u>

ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ ഒരു ഭവന നിർമ്മാണം മാത്രം പൂർത്തിയാക്കുവാൻ ഉണ്ടായിരുന്നത് 2017-18 ൽ തന്നെ പൂർത്തിയാക്കിയിട്ടുണ്ട്.

<u>ധനസഹായത്തിന്റെ അർഹത</u>

സ.ഉ.(എം.എസ്) നം.196/17/ത.സ്വ.ഭ.വ തീയതി പ്രകാരം ധന സഹായത്തിന് അർഹരായവരുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

1)2016 മാർച്ച് 31 ന് മുമ്പ് സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരും, ഏതെങ്കിലും തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടേയൊ, ഇതര വകുപ്പുകളിൽ നിന്നോ കരാറിൽ ഏർപ്പെടുകയോ ചെയ്ത് ആനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കാത്തവരെയുമാണ് ഈ വിഭാഗത്തിൽ ഗുണഭോക്താക്കളായി പരിഗണിക്കുന്നത്.ഇവർക്ക് ആനുപാതികമായി വർദ്ധനവ് വരുതി ധനസഹായം നൽകുന്നതാണ്.

2)ലൈഫ് മിഷനിലൂടെ ലഭ്യമായ ധന സഹായം നേരിട്ട് വിനിയോഗിച്ച് ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ സാധ്യമാവാത്തവർക്ക് നിർവ്വഹണ ഏജൻസി മുഖാന്തിരം നടപ്പാക്കാവുന്നതാണ്.

<u>ഗുണഭോക്തൃ നിർണ്ണയം.</u>

ഗുണഭോക്തൃ മുൻഗണനാ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ഭവനരഹിതരായ കുടുംബങ്ങളെ റാങ്ക് ചെയ്ത് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി LIFE മിഷന്റെ കർമ്മ സമിതി പഞ്ചായത്ത് തലത്തിൽ പരിശോധിച്ച് തയ്യാറാക്കുന്നു.ഇത്തരത്തിൽ തെരെഞ്ഞെടുക്കുന്നവർക്ക് സർക്കാരിന്റേയൊ, പൊതുസമൂഹത്തിന്റേയോ കൈത്താങ്ങ് ആവശ്യമില്ലാത്തവരാണെങ്കിൽ പട്ടികയിൽ നിന്നും ഒഴിവാക്കാവുന്നതുമാണ്.

മാനദണ്ഡങ്ങൾക്കനുസൃതമായി തയ്യാറാക്കിയ പട്ടികയിലെ ഏതെങ്കിലും ഗുണഭോക്താവിന് ആനുകൂല്യത്തിന് അർഹതയില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്ന പക്ഷം അവരെ ഒഴിവാക്കാവുന്നതുമാണ്.

<u>യൂണിറ്റ് നിരക്ക്</u>

<u>സ.ഉ.(കൈ)നം.34/2018 ത.സ്വ.ഭ.വ തീയതി 16.03.2018</u>

1)2017-18സാമ്പത്തിക വർഷം മുതൽ ജനറൽ, പട്ടികജാതി എന്നീ വിഭാഗങ്ങളിലും തോട്ടം-മത്സ്യ ബന്ധന മേഖലകളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് ഗുണഭോക്താവിന് 4 ലക്ഷം രൂപയാണ് ധനസഹായം നൽകുക.

2)പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള യഥാർത്ഥ നിർമ്മാണ ചെലവ് ജില്ലാ സാങ്കേതിക സമിതി നിശ്ചയിക്കുന്ന അടിസ്ഥാനത്തിലാണ് യഥാർത്ഥ നിർമ്മാണ ചെലവ് ധനസഹായമായി നൽകുന്നത്.

3)2016-17 വർഷത്തിൽ ഭവന നിർമ്മാണം ആരംഭിച്ച ക്രമ.നം.1 ൽ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപ എന്ന നിരക്കിൽ ആനുപാതിക സാമ്പത്തിക വർദ്ധനവായി, ധനസഹായം നൽകും.

ഒന്നാം ഗഡു വിതരണം ചെയ്ത തിയ്യതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. 420 ചതുരശ്ര (400+5%) അടി തറ വിസ്തീർണ്ണമുള്ള ഭവന നിർമ്മാണമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷന്റെ രണ്ടാം ഘട്ടമാണ് നിലവിൽ നടന്ന് കൊണ്ടിരിക്കുന്നത്. പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>ഗ്രാമ പഞ്ചായത്തിൽ ലൈഫ് മിഷന്റെ രണ്ടാം ഘട്ടമാണ് നിലവിൽ നടന്ന് കൊണ്ടിരിക്കുന്നത്.</u>

പ്രസ്തുത ഘട്ടത്തിന്റെ ഭാഗമായി നടത്തിയ സർവ്വെ പ്രകാരം ഭൂമിയുള്ള ഭവനരഹിതരായി താഴെ പറയുന്ന രീതിയിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്.

| | |
|---|---|
| ജനറൽ | 20 |
| പട്ടിക ജാതി | 3 |
| പട്ടിക വർഗ്ഗം | 0 |
| ആകെ | 23 |

പ്രസ്തുത ഗുണഭോക്താക്കളിൽ കരാറിലേർപ്പെട്ടവരുടെ വിശദവിവരങ്ങൾ :

| | |
|---|---|
| ജനറൽ | 20 |
| പട്ടിക ജാതി | 3 |
| പട്ടിക വർഗ്ഗം | 0 |
| ആകെ | 23 |

<u>a) ലൈഫ് മിഷൻ ഭവന പദ്ധതി - (88/19)-ജനറൽ</u>

<u>നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ</u>

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| | | |

| | | |
|---|---|---|
| വികസന ഫണ്ട് | 12,53,870 | 12,53,870 |
| ബ്ലോക്ക് പഞ്ചായത്ത് | 3,63,750 | 3,63,750 |
| ജില്ലാ പഞ്ചായത്ത് | 1,42,380 | 1,42,380 |
| ഹഡ്കോ ലോൺ | 42,80,000 | 42,80,000 |
| ആകെ | 60,40,000 | 60,40,000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 20 | 40,000 | 8,00,000 |
| II | 20 | 17*1,60,000 =27,20,000<br>1*1,25,683 = 1,25,683<br>2*2,20,000 =4,40,000<br>ആകെ = 32,85,683 | 32,85,683 |
| 111 | 18 | 6*2,00,000 = 12,00,000<br>11*60,000 = 6,60,000<br>1* 94317 = 94,317<br>ആകെ = 19,54,317 | 19,54,317 |
| ആകെ | | | 60,40,000 |

പ്രസ്തുത പദ്ധതിയിലുൾപ്പെട്ട 6 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.ഇവരിൽ 5പേർക്ക് കെട്ടിട നമ്പർ നൽകിയിട്ടുമുണ്ട്.

<u>b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ( 89/19)-(പട്ടിക ജാതി)</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 12,00,000 | 12,00,000 |
| ആകെ | 12,00,000 | 12,00,000 |

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| I | 3 | 40,000 | 1,20,000 |
| II | 3 | 1,60,000 | 4,80,000 |
| III | 3 | 1,60,000 | 4,80,000 |
| IV | 3 | 40,000 | 1,20,000 |
| | ആകെ | | 12,00,000 |

3 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.ഇവരിൽ 2 പേർക്ക് കെട്ടിട നമ്പറുകൾ നൽകിയിട്ടുമുണ്ട്.

<u>ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം</u>

2018-19 ൽ 42,80,000/-രൂപ ഹഡ്കോയിൽ നിന്ന KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്.പ്രസ്തുത വായ്പ കല്ലുവഴിയിലെ സെക്രട്ടറിയുടെ പേരിൽ Canara Bank ൽ ആരംഭിച്ചിട്ടുള്ള 1587101017079 എന്ന അക്കൗണ്ടിലാണ് നിക്ഷേപിച്ച് വരുന്നത്. ഗഡുക്കളായി ഗുണഭോക്താക്കൾക്ക് തുക നൽകേണ്ടി വരുന്ന സാഹചര്യത്തിൽ V.E.O നല്കി വരുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത അക്കൗണ്ടിൽ നിന്നും തുക കൈമാറുകയാണ് ചെയ്ത് വരുന്നത്. വിശദവിവരങ്ങൾ :

| തീയതി | HUDCO (ഗഡുക്കൾ) | തുക |
|---|---|---|
| 4/01/19 | I | 18,85,683 |
| 28/03/19 | II | 2,39,4,317 |
| | ആകെ | 42,80,000 |

2018-19 സാമ്പത്തിക വർഷത്തിൽ തന്നെ ലഭ്യമായ വായ്പാ തുക മുഴുവനായി വിനിയോഗിച്ചിട്ടുണ്ട്. വായ്പയുടെ തിരിച്ചടവ് 2019-2020 ലാണ് ആരംഭിച്ചിട്ടുള്ളത്.

<u>മോണിറ്ററിംഗിനായി വി.ഇ.ഒ. സ്വീകരിച്ച് വരുന്ന നടപടികൾ :</u>

ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണം നടക്കുമ്പോൾ വി.ഇ.ഒ. മാരും, മൊണിട്ടറിംഗ് സമിതിയായ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിലെ അംഗങ്ങളും നേരിട്ട് പോയി ഭവന നിർമ്മാണത്തിന്റെ പ്രവൃത്തി വിലയിരുത്തി അവർക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകുന്നു.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1) <u>സർക്കാർ വിഹിതം</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും ഈയിനത്തിൽ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

<u>2)ഭവന നിധി രൂപീകരിച്ചിട്ടില്ല</u>

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.നിലവിൽ ഭവന നിധി രൂപീകരിച്ചിട്ടില്ല.

<u>3)സംഭാവന സ്വീകരിക്കൽ</u>

പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലുള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ എന്നിവരിൽ നിന്നും ഒരു ദിവസത്തെ വേതനം/വരുമാനം ഭവന നിധിയിലേക്ക് സംഭാവനയായി ഗ്രാമപഞ്ചായത്തിന് ശേഖരിക്കാവുന്നതാണ്.

ക്രമ നം.1,2,3 എന്നീ ഉപഖണ്ഡികയിൽ കൊടുത്തിരിക്കുന്ന രീതിയിൽ മറ്റ് സ്രോതസ്സുകളിലൂടെ ധന സമാഹരണം നടത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>4)മറ്റ് വിഭവ സ്രോതസ്സുകൾ</u>

11.12.2017 ലെ സ.ഉ.(സാധാ നമ്പർ) -3967/2017/ത.സ്വ.ഭ.വ. പ്രകാരം ലൈഫ് മിഷൻ പ്രകാരം വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ ഫണ്ട് തികയാതെ വരുന്ന സാഹചര്യത്തിൽ പദ്ധതി നടപ്പിലാക്കുന്ന വർഷത്തേക്ക് ഇതര റോഡ് മെയിന്റനൻസിൽ നിന്നും പരമാവധി 50% തുക മാറ്റി വയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.ആവശ്യം വരുന്ന സാഹചര്യത്തിൽ പ്രസ്തുത ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

<u>5)മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.</u>

1)ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണത്തിന്റെ പൂർണ്ണമായ മേൽ നോട്ടം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. നോഡൽ ഓഫീസറായി അസ്സിസ്റ്റന്റ് സെക്രട്ടറിയെ നിയോഗിക്കാവുന്നതാണ്.

2)നിർവ്വഹണ ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ട് ലഭ്യമാവുന്ന മുറയ്ക്ക് ധന സഹായം അനുവദിക്കാവുന്നതാണ്.ഇത്തരത്തിലുള്ള സ്റ്റേജ് റിപ്പോർട്ട് ലഭിച്ച് 7 ദിവസത്തിനുള്ളിൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക കൈമാറാവുന്നതാണ്.

3)ഭവന നിർമ്മാണത്തിന്റെ ആരംഭം മുതൽ മൊബൈൽ അപ്ലിക്കേഷനിലൂടെ ജിയോ ടാഗ്ഗംഗ് നടത്തി, അന്തിമ ഗഡു നൽകുമ്പോഴും ഗുണഭോക്താവിനെ വീടിന് മുമ്പിൽ നിർത്തി മൊബൈലിലൂടെ ഫോട്ടോകൾ എടുത്ത് പ്രസ്തുത ടാഗ്ഗിംങ്ങ് നടത്തേണ്ടതാണ്.

മേൽ പ്രതിപാദിച്ച രീതിയിലുള്ള മോണിറ്ററിംഗ് ഘടകങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

<u>6)LIFE പദ്ധതിയുടെ മാർഗ്ഗ രേഖയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയ്യതി 31-7-2017, 30-11-2017 സ.ഉ.(സാധാ)നം.3874/2017/ത.സ്വ.ഭ.വ എന്നിവ പ്രകാരം മാർഗ്ഗരേഖകൾ അംഗീകരിച്ചിട്ടുണ്ട്. മാർഗ്ഗരേഖയ്ക്കനുസരിച്ചും, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-22 സാന്ത്വന പരിചരണ പദ്ധതി - മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

സാമൂഹികമായും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികളെ കണ്ടെത്തി അവർക്ക് മരുന്ന് ഉൾപ്പെടെ ആവശ്യമുള്ള പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനം സജ്ജമാക്കുക, കിടപ്പിലായ രോഗികൾക്ക് ഉചിതമായ ചികിത്സാ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015/ തസ്വഭവ തിയതി 29-10-2015 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് 07-03-2019 ലെ സ.ഉ(സാധാ)നം.553/2019/തസ്വഭവ പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 ൽ നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 57/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| അടങ്കൽ (₹) | 500000/-(വികസന ഫണ്ട് -ജനറൽ) |
| ചെലവ് (₹) | 473072/- |

എ)പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ് എന്ന് മേൽ ഉത്തരവിൽ പറയുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി 12-10-2018, 29-11-2018, 07-01-2019, 15-02-2019, 23-03-2019 എന്നീ തിയതികളിലാണ് യോഗം ചേർന്നിട്ടുള്ളത്. സാമ്പത്തിക വർഷത്തിൽ ആദ്യത്തെ 7 മാസങ്ങളിൽ യോഗങ്ങൾ ചേർന്നിട്ടില്ല.

ബി)പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി ഓരോ മാസവും അവലോകന യോഗങ്ങൾ (Review Meeting) കൂടേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം 19-06-2018, 26-07-2018, 12-10-2018, 29-11-2018, 23-12-2018, 07-01-2019, 15-02-2019, 23-03-2019 എന്നീ തിയ്യതികളിൽ ആണ്

അവലോകന യോഗങ്ങൾ ചേർന്നിട്ടുള്ളത്. ഏപ്രിൽ, മെയ്, ഓഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ യോഗങ്ങൾ ചേർന്നിട്ടില്ല.

സി)മാർഗ്ഗരേഖയിലെ അനുബന്ധം. 9 ൽ കൊടുത്ത മാതൃകയിലുള്ള ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ അവതരിപ്പിക്കേണ്ടതും അത് യോഗം വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ വരവ്-ചെലവുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടില്ല.

സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-23 അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

ടെണ്ടർ ഫോം വില ഇനത്തിൽ 30.1.2020 വരെ ലഭ്യമായ ₹.5800/- അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI, ശ്രീകൃഷ്ണപുരം A/c. No. 37249943563) സൂക്ഷിച്ചിരിക്കുന്നു. തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/17.2.2020ന് തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി രസീതി സമർപ്പിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-24 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

2011 ലെ കേരള പി.ഡബ്ല്യൂ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% കുറഞ്ഞത്

1000/-രൂപ കൂടിയത് 50000/-രൂപയും ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപയും ആണ് ഈടാക്കേണ്ട പിഴ.

2017-18 വർഷത്തിൽ എഗ്രിമെന്റ് വെക്കുകയും 2018-19 വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്ത താഴെ പറയുന്ന പ്രവൃത്തിയിൽ പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയതിന്റെയും ഈടാക്കേണ്ടിയിരുന്ന പിഴയുടേയും വിവരം താഴെ ചേർക്കുന്നു. കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല എന്ന് കണ്ടെത്തി. കരാറുകാരുടെ അപേക്ഷ, എ.ഇ യുടെ ശുപാർശ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1. കല്ലുവഴി അംഗൻവാടി നവീകരണം

പ്രൊജക്ട് നം. S00118/19

അടങ്കൽ - ₹.139500 [മെയി.ഗ്രാന്റ്(NR)]

പി.എ.സി.- ₹.139500/-

ചെലവ്- ബിൽ നം -37/31.12.18 - തുക – ₹.137849/-

കരാറുകാരൻ- ശ്രീ. വി.രാജൻ

എം.ബി - 855/17, 859/17

എഗ്രിമെൻറ് നം- 9/17-18 തിയതി, 17.10.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 16.7.18 (9 മാസം)

പൂർത്തീകരിച്ച തീയതി- 29.12.18

ഈടാക്കേണ്ട പിഴ : 3% -₹.4185/-

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹.4185/-

2. പറമ്പോട്ടുപടി കിണർ നവീകരണം

പ്രൊജക്ട് നം. 124/19

അടങ്കൽ - ₹.23000 [വികസന ഫണ്ട് (എസ്.സി.പി)]

പി.എ.സി.- ₹.23000/-

ചെലവ്- ബിൽ നം -39/7.1.19 - തുക – ₹.23000/-

കരാറുകാരൻ- ശ്രീ. കെ.ജി.മോഹൻകുമാർ

എം.ബി - 862/17

എഗ്രിമെൻറ് നം- 39/17-18 തിയതി, 28.12.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 27.9.18 (9 മാസം)

പൂർത്തീകരിച്ച തീയതി- 31.12.18

ഈടാക്കേണ്ട പിഴ : 3% -₹.1000/-

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹.1000/-

3. നിലവിളിക്കുന്ന് കിണർ ആൾമറ നിർമ്മാണം

പ്രൊജക്ട് നം. 125/19

അടങ്കൽ - ₹.31000 [വികസന ഫണ്ട് (എസ്.സി.പി)]

പി.എ.സി.- ₹.31000/-

ചെലവ്- ബിൽ നം -40/7.1.19 - തുക – ₹.28494/-

കരാറുകാരൻ- ശ്രീ.  കെ.ജി.മോഹൻകുമാർ

എം.ബി - 864/17

എഗ്രിമെൻറ് നം- 40/17-18 തിയതി, 28.12.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 27.9.18 (9 മാസം)

പൂർത്തീകരിച്ച തീയതി- 31.12.18

ഈടാക്കേണ്ട പിഴ : 3% -₹.1000/-

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹.1000/-

4. ലക്ഷംവീട് കോളനി കിണർ നവീകരണം

പ്രൊജക്ട് നം. 132/19

അടങ്കൽ - ₹.25000 [വികസന ഫണ്ട് (എസ്.സി.പി)]

പി.എ.സി.- ₹.25000/-

ചെലവ്- ബിൽ നം -45/27.2.19 - തുക – ₹.19938/-

കരാറുകാരൻ- ശ്രീ.  സോമസുന്ദരൻ.കെ.ജി.

എം.ബി - 861/17

എഗ്രിമെൻറ് നം- 53/17-18 തിയതി, 8.2.18

പ്രവ്യത്തി പൂർത്തീകരിക്കേണ്ട തിയതി - 7.8.18 (6 മാസം)

പൂർത്തീകരിച്ച തീയതി- 21.2.19

ഈടാക്കേണ്ട പിഴ : 3% -₹.1000/-

ഈടാക്കിയത് -₹.199/-

ബാക്കി ഈടാക്കേണ്ടത് - ₹.801/-

5. VKP ഉണ്ണി റോഡ്

പ്രൊജക്ട് നം. 107/19

അടങ്കൽ - ₹.60000 [വികസന ഫണ്ട് (സി.എഫ്.സി.)]

പി.എ.സി.- ₹.60000/-

ചെലവ്- ബിൽ നം -7/21.5.18 - തുക – ₹.53674/-

കരാറുകാരൻ- ശ്രീ. വി.ശ്രീകുമാരൻ

എം.ബി - 834/17

എഗ്രിമെൻറ് നം- 13/16-17 തിയതി, 6.1.17

പ്രവ്യത്തി പൂർത്തീകരിക്കേണ്ട തിയതി - 5.7.17 (6 മാസം)

പൂർത്തീകരിച്ച തീയതി- 28.3.18

ഈടാക്കേണ്ട പിഴ : 3% -₹.1800/-

ഈടാക്കിയത് -₹.537/-

ബാക്കി ഈടാക്കേണ്ടത് - ₹.1263/-

ആകെ ഈടാക്കേണ്ട പിഴ = ₹.4185 + ₹.1000 +₹.1000 +₹.801 +₹.1263 = ₹.8249/-

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/17.2.2020ന് തുക ഈടാക്കി വിവരം അറിയിക്കാം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് പ്രവ്യത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവ്യത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012ലെ പി.ഡ ബ്ള്യൂഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-25 ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല

പ്രൈസ് സോഫ്റ്റ്വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തിയിൽ ബിറ്റുമിൻ ബാരലിന്റെ വിലയും ജി.എസ്.ടിയും കുറവു ചെയ്യാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/ | ബിൽ നം.- തുക, അളവുപുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | കരാറുകാരൻ -ശ്രീ. വി.ശ്രീകുമാരൻ | | | |
| | 107/19- VKP ഉണ്ണി റോഡ്- | 7/21.5.18- 53674, 834/17 | VG-30– 227.69<br>RS1- 29.68<br>SS1-91.72 | 1.46<br>0.16<br>0.50 |
| ആകെ | | | | 2 |
| ബാരലിന്റെ വില @ 238/- x2 =₹.476 | | | | |

₹.476/- + GST കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/17.2.2020ന് ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കാം എന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-26 പകൽ വീട് പ്രവർത്തനക്ഷമമാക്കേണ്ടതാണ്

പ്രൊജക്ട് നം. So 111/19 – പകൽ വീട്

അടങ്കൽ -₹.820000/- വികസന ഫണ്ട് (എസ്.സി.പി.)
ചെലവ് – 814778 ബിൽ നം.32/31.12.18
നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

വീടുകളിൽ ഒറ്റപ്പെട്ടു കഴിയുന്ന വയോധികരായ ജനങ്ങൾക്ക് പകൽ സമയങ്ങൾ ചെലവിടുന്നതിനും വിശ്രമത്തിനും വേണ്ടി 600Sq.ft. വിസ്തീർണ്ണമുള്ള ഒരു ഹാൾ, ടോയ്‌ലറ്റ് എന്നിവ ഉൾപ്പെടുന്ന കെട്ടിടം നിർമ്മിക്കാനാണ് തുക വകയിരുത്തിയിട്ടുള്ളത്. 12.2.2020ന് ഓഡിറ്റ് ടീം പകൽവീട് കെട്ടിടം (പൂളക്കപറമ്പ്) പരിശോധിച്ചതിൽ കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് കാണുന്നു. കെട്ടിടത്തിൽ ബോർഡ് സ്ഥാപിച്ചിട്ടില്ല. നിലവിൽ കെട്ടിടം പ്രവർത്തനക്ഷമമായിട്ടില്ല.



പകൽവീട്

പകൽവീട് മുഴവൻ പ്രവൃത്തിയും പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ പകൽ വീട് (146/19) എന്ന ഒരു പദ്ധതിയ്ക്കു കൂടി തുക വകയിരുത്തിയിട്ടുണ്ട്. മേൽ പദ്ധതി 2019-20 വർഷത്തിലാണ് പൂർത്തിയാക്കിയിട്ടുള്ളത്. നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം പ്രവർത്തന ക്ഷമമാവാതിരിക്കുകയും അതേ ആവശ്യത്തിനു തന്നെ പുതിയ കെട്ടിടം നിർമ്മിക്കുകയും ചെയ്യുന്നത് ശരിയായ നടപടിക്രമമല്ല. പ്രൊജക്ട് തയ്യാറാക്കുമ്പോൾ തന്നെ ആവശ്യകത വിലയിരുത്തി തയ്യാറാക്കേണ്ടതും സൃഷ്ടിക്കപ്പെടുന്ന ആസ്തി പ്രൊജക്ട് വിഭാവനം ചെയ്ത ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമാണ് എന്ന് മോണിറ്റർ ചെയ്യേണ്ടതുമാണ്. മേൽ വിഷയത്തിൽ വർക്കിംഗ് ഗ്രൂപ്പിന്റെയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-27 പഴയ മോട്ടോർ രേഖാമൂലം തിരിച്ചേൽപ്പിച്ചിട്ടില്ല

(എ) മലഞ്ചെരുവ് കുടിവെള്ള പദ്ധതിയുടെ (pro.110/19)നിലവിലുള്ള പ്രവർത്തന രഹിതമായ മോട്ടോർ മാറ്റി പകരം 2 HP മോട്ടോർ സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്തതിന് ₹.41837/- ബിൽ നം.2/18.5.18 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പഴയ മോട്ടോർ പഞ്ചായത്തിൽ തിരികെ ഏല്പിച്ചതായി കാണുന്നില്ല.

(ബി)വെൺമരപറമ്പ് കുടിവെള്ള പദ്ധതിയുടെ(pro.30 /19)നിലവിലുള്ള മോട്ടോർ കേടുവന്നതിനാൽ അവ മാറ്റി പുതിയ 3HP മോട്ടോർ സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്തതിന് ₹.53245/- ബിൽ നം.43/18-19/31.1.19 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയിലെ പഴയ മോട്ടോറും പഞ്ചായത്തിൽ തിരികെ ഏല്പിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/17.2.2020ന് മറുപടിയായി നീക്കം ചെയ്യപ്പെട്ട മോട്ടോറുകൾ പഞ്ചായത്തിൽ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മോട്ടോറുകൾ റിപ്പയർ ചെയ്ത് പുനരുപയോഗിക്കുന്നതിനോ അല്ലാത്തപക്ഷം ലേലം ചെയ്ത് തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

# 1-28 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 76 പ്രൊജക്ടുകൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 53 പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. വകയിരുത്തിയ 17909561 രൂപയിൽ 12300336രൂപ ചെലവഴിച്ചിട്ടുണ്ട്. 69% തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയർ തൻവർഷം ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതി, തീരുമാനം നമ്പർ തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല.
- എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണത്തീയതി ചേർത്തിട്ടില്ല.
- എല്ലാ പ്രവൃത്തികളുടെയും പൂർത്തീകരണ സാക്ഷ്യപത്രം , മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഇല്ല.
- പുതുക്കിയ പൊതുമരാമത്ത് മാന്വലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കിയിട്ടില്ല.
- പ്രവൃത്തി പൂർത്തീകരണം നീളുന്ന അവസരത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല. കരാറുകാരുടെ അപേക്ഷയിന്മേലുള്ള അസി. എഞ്ചിനിയറുടെ വിശദമായ റിപ്പോർട്ടും അനുമതി നൽകിയതിന്റെ രേഖകളും കൃത്യമായി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- റോഡ് കണക്ടിവിറ്റി മാപ്പ്, മെയിന്റനൻസ് പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല.
- ടെണ്ടർ അംഗീകരിക്കൽ -നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്

  വള്ളിക്കോട് DWSS എന്ന പ്രവൃത്തി 12.3.19ന് ടെണ്ടർ നടത്തി 48/6.3.19ന് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. കരാറുകാരൻ - ശ്രീ.എം.എം.ജോൺ (എസ്റ്റി.നിരക്ക്). എന്നാൽ ഭരണ സമിതി മിനുട്സ് പരിശോധിച്ചതിൽ മേൽ പ്രവൃത്തി അംഗീകരിച്ചതായി കാണുന്നില്ല. 22.3.19ലെ ഭരണ സമിതി മിനുട്സിൽ തീരുമാനം 3 പ്രകാരം ടെണ്ടറുകൾ അംഗീകരിക്കുന്നത് അടുത്ത യോഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. 29.3.19ലെ മിനുട്സിലും മേൽ പ്രവൃത്തി അംഗീകരിച്ചിട്ടില്ല.

മറുപടി ലഭ്യമാക്കേണ്ടതും കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 1997 ചട്ടം 10 പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ച് ടെണ്ടറുകൾ

അംഗീകരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

- തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ ഡിബി.3/4620/12/സിഇ/തസ്വഭവ തിയതി 22-02-2018 പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2018-19 വർഷം നിർവഹണം നടത്തിയ ടാറിംഗ് പ്രവൃത്തികളിൽ രണ്ടു പ്രവൃത്തികളിലാണ് ഷ്രെഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടുള്ളത്.

അപാകതകൾ പരിഹരിക്കാം എന്ന് ഓഡിറ്റ് എൻക്വയറി നം. 19/17.2.2020ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-29 പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - കൺസൾട്ടിങ്ങ് ഫീസിനത്തിൽ 26000/-രൂപ അധികം നൽകാനിടയായി

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്ട് നം - S0137/19 – പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ

അടങ്കൽ - 166480 (വികസന ഫണ്ട്)

ചെലവ് - 164465
ആകെ ചെലവിൽ കൺസൾട്ടിങ്ങ് ബോഡികൾക്കായി അനുവദിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ബിൽ നം/ തീയതി | തുക | നൽകിയത് |
|---|---|---|
| 17/23.08.18 | 36500 | Quality Management Service, പാറമ്പുഴ, കോട്ടയം |
| 18/23.08.18 | 25000 | Integrated Quality Certification, യശ്വന്തപുരം, ബാംഗ്ലൂർ |

പഞ്ചായത്ത് ഓഫീസിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കരസ്ഥമാക്കുക എന്ന ലക്ഷ്യത്തിലൂന്നി മേൽ പ്രൊജക്ടിൽ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

1. കൺസൾട്ടിങ്ങ് ബോഡിയെ തെരഞ്ഞെടുക്കൽ

2. പൗര സർവ്വെ

3. ഐ.എസ്.ഒ ലഭിക്കുന്നതിനായി കൺസൾട്ടിങ്ങ് ബോഡിയുടെ നിർദ്ദേശാനുസരണമുള്ള പ്രവർത്തനങ്ങൾ ചെയ്യുക.

പദ്ധതിക്കായി 6.12.17 ന് ടെണ്ടർ ക്ഷണിച്ചതിന്റെ ( നം -05/ 17-18) വിശദാംശം താഴെ ചേർക്കുന്നു.

പഞ്ചായത്ത് ഓഫീസിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ (കൺസൾട്ടിങ്ങ് ബോഡിയെ തെരഞ്ഞെടുക്കൽ) - 60000/-

ടെണ്ടർ സമർപ്പിച്ച വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഏറ്റവും കുറഞ്ഞ നിരക്കായ 35500/-രൂപ ക്വാട്ട് ചെയ്തത് Quality Management Service, പാറമ്പുഴ, കോട്ടയം എന്ന സ്ഥാപനമാണ്. ടി സ്ഥാപനത്തിനെ പ്രവൃത്തി ഏൽപ്പിക്കുന്നതിന് പഞ്ചായത്ത് 9.01.18 ൽ എഗ്രിമെന്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും എഗ്രിമെന്റിൽ നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ സ്ഥാപനത്തിന് ബിൽ നമ്പർ 17/23.08.18 മുഖേന 36500/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിക്കായി 40000/-രൂപയുടെ ടെണ്ടർ സമർപ്പിച്ച Integrated Quality Certification, യശ്വന്തപുരം, ബാംഗ്ലൂർ എന്ന സ്ഥാപനവുമായി (പഞ്ചായത്ത് ഭരണസമിതി തീരുമാനം - 1(1)/ 22.03.18 പ്രകാരം 31.03.18 ന് കരാറിലേർപ്പെട്ടിട്ടുണ്ട്. (നം - 5/ 31.03.18) പ്രസ്തുത സ്ഥാപനവുമായുള്ള എഗ്രിമെന്റിൽ നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

കരാറിലെ വ്യവസ്ഥ അനുസരിച്ച് കൺസൾട്ടിങ്ങ് ബോഡിയുടെ ഫീസ് താഴെ പറയും പ്രകാരമാണ്.

Certification fee – 25000

Surveillance I Audit – 7500

Surveillance II Audit – 7500

ആകെ - 40000/-

ടി സ്ഥാപനത്തിന് ബിൽ നമ്പർ 18/23.08.18 മുഖേന 25000/- രൂപയും അനുവദിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഭരണസമിതി തീരുമാനം നം - 13/23.12.17, 19.12.17ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം എന്നിവ പ്രകാരം 39500/-എന്ന നിരക്ക് ക്വാട്ട് ചെയ്ത Yushmakam, Chandranagar, Palakkad എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് ഏറ്റവും കുറഞ്ഞ നിരക്ക് എന്ന് രേഖപ്പെടുത്തി അംഗീകരിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ Quality Management Service, പാറമ്പുഴ, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് ഭരണസമിതി, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവർ അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമല്ല. മതിയായ കരാറിലേർപ്പെടാതെ തന്നെ ടി സ്ഥാപനത്തിന് 36500/-രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല.

2. പദ്ധതിക്കായി 40000/-രൂപയുടെ ടെണ്ടർ സമർപ്പിച്ച Integrated Quality Certification, യശ്വന്തപുരം, ബാംഗ്ലൂർ എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ട് കൺസൾട്ടിങ്ങ് ചാർജിനത്തിൽ 25000/-രൂപ അനുവദിച്ചതും ക്രമപ്രകാരമല്ല. ആയത് അധികച്ചെലവായി നിലനിൽക്കുന്നു.

3. പഞ്ചായത്ത് ഭരണസമിതി തീരുമാനം നം - 13/23.12.17, 19.12.17ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം എന്നിവ പ്രകാരം 39500/-എന്ന നിരക്ക് ക്വാട്ട് ചെയ്ത Yushmakam, Chandranagar, Palakkad എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിൽ നിന്നും വിഭിന്നമായി പ്രവൃത്തി മറ്റ് രണ്ട് സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി ടി സ്ഥാപനങ്ങൾക്ക് തുക അനുവദിച്ചു.

4. സ.ഉ ജി.ഒ (ആർ.ടി) നം. 308/2018/ ത.സ്വ.ഭ.വ തീയതി 2.02.18 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ എന്ന പദ്ധതിയുടെ കൺസൾട്ടൻസി സർവ്വീസ് നടത്തുന്നതിന് തൃശ്ശൂർ കിലയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ആർ.ജി.എസ്.എ ഫണ്ട് വിനിയോഗിച്ച് കില കൺസൾട്ടൻസി സർവ്വീസ് നിർവ്വഹിക്കുന്നതിനാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പദ്ധതിക്ക് കൺസൾട്ടൻസി സർവ്വീസിനെ കണ്ടെത്തുന്നതിനായി ടെണ്ടർ വിളിച്ച് ഇനിയും എഗ്രിമെന്റ് വെച്ചിട്ടില്ലാത്ത പഞ്ചായത്തുകൾ ലഭ്യമായ ടെണ്ടറുകൾ ക്യാൻസൽ ചെയ്ത് തൃശ്ശൂർ കിലയുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 24.02.18 ലെ കത്ത് നം - ജെ-4 – 1024/2016 ൽ പ്രതിപാദിക്കുന്നു. മേൽ ഉത്തരവ് നിലനിൽക്കെ പഞ്ചായത്ത് 31.03.18 ന് Integrated Quality Certification, യശ്വന്തപുരം, ബാംഗ്ലൂർ എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടതിന്റെ സാഹചര്യം വിശദീകരിക്കപ്പെട്ടിട്ടില്ല.

5. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ Quality Management Service, പാറമ്പുഴ, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിച്ചതാണെങ്കിൽ 35500/-രൂപക്ക് പദ്ധതി പൂർത്തീകരിക്കാമായിരുന്നു.

പ്രസ്തുത നിരക്കിൽ പരിമിതപ്പെടുത്തി പ്രവൃത്തി നിർവ്വഹിക്കാതിരുന്നതിനുള്ള വിശദീകരണം നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം - 18/ )

പഞ്ചായത്ത് ഭരണസമിതി തീരുമാനം, പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം എന്നിവക്ക് ആധാരമായ കാരണങ്ങളും, ആയതിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നിർവ്വഹിക്കുന്നതിനിടയായ സാഹചര്യവും അന്വേഷണ വിധേയമാക്കി മതിയായ വിശദീകരണം/ രേഖകൾ ലഭ്യമാക്കുന്നതുവരെ പദ്ധതിക്കായി അധികം ചെലവഴിച്ച തുക 26000/-രൂപ ( 61500 – 35500) ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നു.

# 1-30 തെരുവ് വിളക്ക് പരിപാലനം

തെരുവ് വിളക്ക് പരിപാലിക്കുന്നതിന്റെ ഭാഗമായി മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പകരം പടിപടിയായി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സാമ്പത്തിക വർഷം സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി പ്രൊജക്ട് നമ്പർ 14/19 മുഖേന വികസന ഫണ്ടിൽ നിന്ന് 199736/-രൂപ കെ.എസ്.ഇ.ബി, അമ്പലപ്പാറ സെക്ഷനിലേക്ക് അടവാക്കുകയും, ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം 3.06.19 ന് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

നിലവിൽ അടവാക്കുന്ന ശരാശരി വൈദ്യുതി ചാർജ്ജ് 55709/-രൂപയാണ്. കെ.എസ്.ഇ.ബി ലഭ്യമാക്കിയ വിളക്കുകളുടെ നിലവിലെ കണക്ക് താഴെ പറയും പ്രകാരമാണ്.

ഈടാക്കുന്ന നിരക്ക് - 1.11.15 മുതൽ ബാധകമായിട്ടുള്ളത്

Burning hours – 12

| ക്രമ നം | വിളക്കുകളുടെ തരം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|---|
| 1 | CFL Automatic – 18 watt | 267 | 29 | 7743 |
| 2 | Ordinary bulb – 40 watt | 29 | 73 | 2117 |
| 3 | Sodium vapour lamp – 250 watt | 16 | 492 | 7872 |
| 4 | Flourescent Tube – 80 | 3 | 147 | 441 |

| | | | | |
|---|---|---|---|---|
| | watt | | | |
| 5 | Ordinary bulb – 100 watt | 204 | 184 | 37536 |
| പ്രതിമാസ ചാർജ് | | | | 55709/- |

2018-19 സാമ്പത്തിക വർഷം 175 LED വിളക്കുകൾ സ്ഥാപിച്ചത് കെ.എസ്.ഇ.ബി യുടെ കണക്കിൽ ഇല്ല. ആയതിനാൽ കെ.എസ്.ഇ.ബി യുമായി അടിയന്തിര സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ വിളക്കുകൾക്ക് മാത്രമാണ് ചാർജ് ഒടുക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. വൈദ്യുതി ഉപഭോഗം കൂടുതലുള്ള ഓർഡിനറി ബൾബുകൾ, ഫ്ലൂറസന്റ് ട്യൂബ് തുടങ്ങിയവ ഒഴിവാക്കി LED വിളക്കുകൾ സ്ഥാപിക്കുകയാണെങ്കിൽ വൈദ്യുതി ചാർജ് ഗണ്യമായി കുറക്കാവുന്നതാണ്.

<u>തെരുവ് വിളക്ക് അറ്റകുറ്റപണി</u>

തൻ വർഷം തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് പദ്ധതികളൊന്നും തന്നെ നടപ്പാക്കിയിട്ടില്ല.

<u>തെരുവ് വിളക്ക് സ്ഥാപിക്കൽ</u>

തൻ വർഷം താഴെ പറയും പ്രകാരം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

പ്രൊജക്ട് നം - 15/19 - തെരുവ് വിളക്ക് - എൽ.ഇ.ഡി സ്ഥാപിക്കൽ

അടങ്കൽ - 400000 (വികസന ഫണ്ട്)

ചെലവ് - 233700(ബിൽ നം - 44/8.02.19)

നിർവ്വഹണം - സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്തിലെ 13 വാർഡുകളിലും പുതിയതായി 12വാട്ട് ഓട്ടോമാറ്റിക് എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 175 എൽ.ഇ.ഡി വിളക്കുകൾ സ.ഉ (സാധാ) നം. 1093/2017/ ത.സ്വ.ഭ.വ തീയതി 5.04.2017 പ്രകാരം ക്രൂസിന്റെ അനുബന്ധ സ്ഥാപനമായ കേരളാ ഗ്രാമ ജ്യോതി ലൈറ്റിങ്ങ്, കാസർഗോഡിൽ നിന്ന് വാങ്ങിയിട്ടുണ്ട്.

<u>തെരുവ് വിളക്ക് പരിപാലനം - രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ്</u>

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ അവശ്യം തയ്യാറാക്കേണ്ട രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ വാർഡ് തിരിച്ചുള്ള ഇലക്ട്രിക്ക് പോസ്റ്റുകളുടെ എണ്ണം, തെരുവ് വിളക്കുകളുടെ തരം എന്നീ വിവരങ്ങളടങ്ങിയ ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. സ.ഉ (സാധാ) നം 2238/2016/ത.സ്വ.ഭ.വ തീയതി 25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. കേടായ സാമഗ്രികൾ അതാത് ദിവസം തന്നെ പഞ്ചായത്തിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുത്തേണ്ടതുമാണ്.

തെരുവ് വിളക്ക് പരിപാലനത്തിൽ ആയതിന്റെ ചുമതലയുള്ള വർക്കിങ്ങ് ഗ്രൂപ്പ് ബന്ധപ്പെട്ട സ്റ്റാൻഡിങ്ങ് കമ്മറ്റികൾ എന്നിവരുടെ ഇടപെടലുകൾ കാര്യക്ഷമമാക്കേണ്ടതുണ്ട്.

# 1-31 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം - ഘടക സ്ഥാപനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്

പ്രൊജക്ട് നം - 18/19 - കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാർഷിക മെയിന്റനൻസ്
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ - 166994(75000- പ്ലാൻ ഫണ്ട്, 91994 -MG NR) ചെലവ് – 166994
<u>തുക – ബിൽ നമ്പർ</u>

- 75000- 51/1.03.19
- 39484 – 52/1.03.19
- 52510 – 68/25.03.19

പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാർഷിക മെയിന്റനൻസിനായി 91994/-രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽ നിന്നാണ് തുക ചെലവഴിച്ചിരിക്കുന്നത്.

കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനത്തിന് മുൻഗണന നൽകിയാണ് മെയ് ന്റനൻസ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ -മെയ് ന്റനൻസ് ഗ്രാന്റ് വിനിയോഗം- ജി.ഒ(കൈ)നം.11/2018/ത.സ്വ.ഭ.വ/29.01.2018 ഖണ്ഡിക -6.7 പ്രകാരം റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. മേൽ പ്രകാരമുള്ള വിനിയോഗ മാർഗരേഖയിലും തുടർ ഉത്തരവുകളിലും ഗ്രാന്റ് ഏതെല്ലാം ഇനങ്ങൾക്കാണ് വിനിയോഗിക്കാവുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിനു മുമ്പായി വിളിച്ച ചേർക്കുന്ന ഘടകസ്ഥാപനങ്ങളിലെ മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അത്തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും തന്നെ തൻവർഷം നടന്നിട്ടില്ല.

ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകിയതിനു ശേഷം മാത്രം മെയിന്റനൻസ് ഗ്രാന്റ് തനത് ആസ്തികളുടെ പരിപാലനത്തിന് വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-32 തെരുവ് വിളക്ക് - എൽ.ഇ.ഡി സ്ഥാപിക്കൽ- സ്ഥാപിച്ച വിളക്കുകളുടെ പ്രവർത്തനക്ഷമതാ സാക്ഷ്യപത്രം കെ.എസ്.ഇ.ബിയിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നം - 15/19 - തെരുവ് വിളക്ക് - എൽ.ഇ.ഡി സ്ഥാപിക്കൽ

അടങ്കൽ - 400000 (വികസന ഫണ്ട്)

ചെലവ് - 233700(ബിൽ നം - 44/8.02.19)

നിർവ്വഹണം - സെക്രട്ടറി

മേൽ പ്രൊജക്റ്റ് പ്രകാരം പഞ്ചായത്തിലെ 13 വാർഡുകളിലും പുതിയതായി 12വാട്ട് ഓട്ടോമാറ്റിക് എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 100 എൽ.ഇ.ഡി വിളക്കുകൾ സ.ഉ (സാധാ) നം. 1093/2017/ ത.സ്വ.ഭ.വ തീയതി 5.04.2017 പ്രകാരം ക്രൂസിന്റെ അനുബന്ധ സ്ഥാപനമായ കേരളാ ഗ്രാമ ജ്യോതി ലൈറ്റിങ്ങ്, കാസർഗോഡിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ക്രൂസുമായി പഞ്ചായത്ത് 10.01.19ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാറിൽ വിളക്കുകൾക്ക് 2 വർഷത്തെ ഗ്യാരണ്ടി വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ പഞ്ചായത്തിൽ നിന്ന് ആവശ്യപ്പെട്ടിട്ടും സ്ഥാപിച്ച വിളക്കുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച സാക്ഷ്യപത്രം കെ.എസ്.ഇ.ബി (ശ്രീകൃഷ്ണപുരം, അമ്പലപ്പാറ, കോതകുറുശ്ശി സെക്ഷനുകൾ) ലഭ്യമാക്കിയതായി കാണുന്നില്ല. ഇവയുടെ സാമ്പിൾ പരിശോധിച്ചതിന്റെ റിപ്പോർട്ടും ലഭ്യമല്ല. വിളക്കുകൾ സ്ഥാപിച്ചതിന് മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. വിളക്കുകളുടെ നിലവിലെ പ്രവർത്തനക്ഷമത സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 13/15.02.20) മറുപടി ലഭ്യമാക്കിയിട്ടില്ല. വിളക്കുകൾ സ്ഥാപിച്ചതിന്റെ സൂപ്പർവിഷൻ ചാർജിനത്തിൽ 967/-രൂപ കെ.എസ്.ഇ.ബി, അമ്പലപ്പാറ സെക്ഷനിലേക്ക് അടവാക്കിയിട്ടുണ്ട് (വൗച്ചർ നം -21800899/1.03.19).

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. സ്ഥാപിച്ച വിളക്കുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച സാക്ഷ്യപത്രം കെ.എസ്.ഇ.ബി യിൽ (ശ്രീകൃഷ്ണപുരം, അമ്പലപ്പാറ, കോതകുറുശ്ശി സെക്ഷനുകൾ) നിന്ന് ലഭ്യമാക്കേണ്ടതാണ്.

2. കരാറിലെ വ്യവസ്ഥ പ്രകാരം സ്ഥാപിക്കുന്ന വിളക്കുകൾക്ക് വാറണ്ടി കാലയളവിനുള്ളിൽ കേട്പാടുകൾ സംഭവിക്കുന്ന പക്ഷം പഞ്ചായത്തിന്റെ രേഖാ മൂലമുള്ള അറിയിപ്പ് ലഭിച്ച് 20 ദിവസത്തിനകം കരാറുകാരൻ പരാതി പരിഹരിക്കേണ്ടതാണെന്ന് കാണുന്നു. ഇതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. സ്ഥാപനം വാറണ്ടി കാലയളവിനുള്ളിൽ കേട്പാടുകൾ തീർക്കാത്തപക്ഷം പഞ്ചായത്ത് സ്ഥാപനത്തിനെതിരെ സ്വീകരിക്കുന്ന നിയമനടപടികൾ സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികളുടെ കരാറിൽ ആയത് കൃത്യമായി വ്യവസ്ഥ ചെയ്യേണ്ടതാണ്. വിളക്കുകൾ പ്രവർത്തനക്ഷമമാക്കാത്ത പക്ഷം തുക നഷ്ടപരിഹാരമായി സ്ഥാപനത്തിൽ നിന്ന് ഈടാക്കേണ്ടതാണ്.

4. തെരുവ് വിളക്കുകളുടെ വാർഷിക റിപ്പയറിൽ വാറണ്ടിയുള്ള വിളക്കുകൾ ഉൾപ്പെടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. പ്രവർത്തന ക്ഷമമല്ലാത്ത വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നുണ്ടോ എന്ന് കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി ആയത് ഒഴിവാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-33 നല്ല ഭൂമി - ഖരമാലിന്യ പദ്ധതി - അജൈവ മാലിന്യങ്ങൾ

# കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219എക്സ് വരെയുള്ള വകുപ്പുകൾ പ്രകാരം ഖരമാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനായി ധാരാളം അധികാരങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശാസ്ത്രീയ മാലിന്യ പരിപാലനം സുസ്ഥിരമാക്കുന്നതിനായി ഹരിത കേരള മിഷന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 2016 ൽ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പോലുള്ള കേന്ദ്ര നിയമങ്ങളും നിലവിലുണ്ട്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലും സബ്ഡിഡി മാനദണ്ഡങ്ങളിലും മാലിന്യ സംസ്കരണം ഫലപ്രദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത് തൻവർഷം സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാണോ എന്നും വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രൊജക്ടുകൾ</u>

സാമ്പത്തിക വർഷം നടപ്പിലാക്കിയ നല്ല ഭൂമി എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് | അടങ്കൽ | ചെലവ്/ ബിൽ നം, തീയതി | വിശദവിവരം |
|---|---|---|---|
| 13/19 - നല്ല ഭൂമി - 3-ാം ഘട്ടം | 200000 | 20741 | നോട്ടീസ് പ്രിന്റിങ്ങ് ചാർജ്ജ്, ഹരിത കർമ്മസേനക്ക് യൂണിഫോം |
| 136/19 – പ്ലാസ്റ്റിക് വിമുക്ത പഞ്ചായത്ത് ക്യാംപെയിൻ - രണ്ടാം ഘട്ടം (ഹരിത കേരള മിഷൻ) | 50780 | 50000 | അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ഒരു ലോഡിന് 10000/- രൂപ നിരക്കിൽ |

പഞ്ചായത്തിൽ ജൈവ മാലിന്യം സംബന്ധിച്ച പ്രശ്നങ്ങൾ നിലനിൽക്കുന്നില്ല.

<u>അജൈവ മാലിന്യ സംസ്കരണം</u>

പഞ്ചായത്തിലെ 13-ാം വാർഡിൽ (കല്ലുവഴി സൗത്ത്) ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. 600 ച.അടി വിസ്തീർണ്ണമുള്ള സെന്ററിൽ ഒരു ബെയ്

ലിങ്ങ് മിഷൻ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്.പഞ്ചായത്തിൽ 13 അംഗങ്ങളുള്ള ഹരിതകർമ്മസേന 2018-19 വർഷത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഹരിത കർമ്മസേന മുഖേന വീടുകളിൽ നിന്നും, വ്യാപാരികളിൽ നിന്നും നിശ്ചിത ഇടവേളകളിൽ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ സെന്ററിൽ എത്തിച്ച് സംഭരിക്കുന്നു. സംഭരിച്ചു വെച്ച പ്ലാസ്റ്റിക്കിന്റെ സ്റ്റോക്ക് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം സംഭരിച്ചു വെച്ച പ്ലാസ്റ്റിക് കംപ്രസ്സ് ചെയ്ത് 5 ലോഡ് കരാറുകാരൻ മുഖേന വാളയാർ മലബാർ സിമന്റ്സിന് നൽകിയിട്ടുണ്ട്. ആയതിലേക്ക് ഒരു ലോഡിന് 10000/-രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. നിലവിൽ ക്ലീൻ കേരള മുഖേന പ്ലാസ്റ്റിക് മാലിന്യം സംസ്കരിച്ച് കൈമാറാനാണ് ഉദ്ദേശിക്കുന്നത്.

<u>ഉറവിട മാലിന്യം സംസ്കരണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ</u>

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനങ്ങളോട് നിർദ്ദേശിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നു. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു.

സർക്കാർ ഉത്തരവ് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

<u>പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ</u>

എ. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം

സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഷ്രഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡ് പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ച് പ്ലാസ്റ്റിക് ഉചിതമായ രീതിയിൽ കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 15 പ്രകാരം ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളനുസരിച്ച് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നതിനും കയ്യൊഴിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ബി. ഹരിത കേരള മിഷൻ

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1 പ്രകാരം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസന മിഷനുകളിൽ ഒന്നായ ഹരിതകേരള മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യം സംസ്കരണം, ജലസംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണുള്ളത്. ഹരിതകേരള മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്നും മാലിന്യരഹിത തദ്ദേശഭരണ സ്ഥാപനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പിന്തുണാ സംവിധാനമായി ഹരിതകേരള മിഷൻ പ്രവർത്തിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഖണ്ഡിക 7.1.6(സി) ശുചിത്വ-മാലിന്യ സംസ്കരണം എന്ന ഖണ്ഡികയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് മാലിന്യ നിയന്ത്രണത്തിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുവാനും ശുചിത്വ മിഷൻ, ക്ലീൻ കേരളാ മിഷൻ എന്നിവരുടെ സാങ്കേതിക സഹായം തേടാനും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

സി. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം

സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-02-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8ൽ ഖര-ദ്രവ മാലിന്യ സംസ്കരണ ത്തിനായി അനുവദിക്കാവുന്ന സബ്സിഡിയുടെ വിശദാംശം ഉൾപ്പെടുത്തി യിട്ടുണ്ട്.

വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിനായി സബ്സ്ഡി നൽകുന്നതിനുള്ള പ്രോജക്ടുകൾ തൻവർഷം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ബയോഗ്യാസ് പ്ലാന്റ്, ഗാർഹിക കംപോസ്റ്റ് മുതലായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രോൽസാഹിപ്പിക്കാവുന്നതാണ്.

<u>പ്ലാസ്റ്റിക്ക് നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ</u>

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ അനുസരിച്ച് പുറപ്പെടുവിച്ച 24-09-2016 ലെ സർക്കുലർ നം.576/ഡി.സി-1/16/തസ്വഭവ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികളിൽ നിന്നും യൂസർ ഫീ ഈടാക്കുന്നതിനും ആയത് സുസ്ഥിര മാലിന്യ നിയന്ത്രണ സംവിധാനങ്ങൾക്കായി ചെലവഴിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/14.02.2020 ) വീടുകളിൽ നിന്ന് 30/- രൂപയും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 40/-രൂപയും ശേഖരിക്കുന്നതിനാണ് പഞ്ചായത്ത് ഉദ്ദേശിക്കുന്നതെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം ഈയിനത്തിൽ തുകയൊന്നും തന്നെ ഈടാക്കിയിട്ടില്ല.

<u>ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കൽ</u>

പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ പേപ്പർ ബാഗ്, തുണി സഞ്ചി മുതലായ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും

പ്രോൽസാഹിപ്പി ക്കേണ്ടത് അനിവാര്യമാണ്. പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾക്ക് പകരമായി ഉപയോഗിക്കാവുന്ന തുണിസഞ്ചികൾ നിലവിൽ കുടുംബശ്രീ മുഖേന കടകളിൽ ലഭ്യമാക്കുന്നുണ്ട്.

<u>മോണിറ്ററിംഗ് സംവിധാനം</u>

മാലിന്യ സംസ്കരണത്തിനുള്ള പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല കുടിവെള്ളം, ശുചിത്വം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ്. അസി.എഞ്ചിനിയർ കൺവീനർ ആയ വർക്കിംഗ് ഗ്രൂപ്പിൽ ഫലപ്രദമായ പ്രോജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള ചർച്ചകൾ ഉണ്ടായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയുള്ള ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും തുടർനടപടികൾ വിലയിരുത്തിയിട്ടില്ല. മാലിന്യ നിയന്ത്രണത്തിനായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലും ഫലപ്രാപ്തി വിലയിരുത്തുന്നതിലും ഉത്തരവാദപ്പെട്ട സംവിധാനങ്ങൾ ഇടപെടൽ നടത്തേണ്ടതാണെന്ന് വിലയിരുത്തുന്നു.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219എക്സ് വരെയുള്ള വകുപ്പുകൾ കാര്യക്ഷമമായി പ്രയോഗിക്കേണ്ടതും പരിശോധനാ സംവിധാനം ശക്തമാക്കേണ്ടതുമാണ്.

2. എല്ലാ വാർഡുകളിലേയും മാലിന്യ സംസ്കരണം ഉറപ്പാക്കേണ്ടതാണ്.

3. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

4. വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

5. ഡി&ഒ ലൈസൻസ് നൽകുന്നതിനുമുമ്പ് സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

6. മെറ്റീരിയൽ കളക്ഷൻ സെന്ററിൽ നിലവിൽ സംഭരിച്ചുവെച്ചിട്ടുള്ള പ്ലാസ്റ്റികിന്റെ സ്റ്റോക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ആയത് ഉചിതമായ രീതിയിൽ കയ്യൊഴിക്കുന്നതിന് പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുമാണ്.

7. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം ബൈലോ രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

8. വിവിധ കേന്ദ്ര ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

9. വ്യാപാരികളിൽ നിന്നുള്ള യൂസർ ഫീ കളക്ഷൻ, ബോധവത്കരണ പരിപാടികൾ തുടങ്ങിയവ കാര്യക്ഷമമാക്കേണ്ടതാണ്.

10. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരമായി ഉപയോഗിക്കാവുന്ന ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

11. മാലിന്യ നിയന്ത്രണം സംബന്ധിച്ച തുടർനടപടികൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ വിഭാഗം സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ മോണിട്ടർ ചെയ്യേണ്ടതാണ്.

12. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിച്ച് ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

13. ജീവനക്കാരുടെ കുറവ്, മറ്റ് പ്രായോഗിക പ്രശ്നങ്ങൾ എന്നിവ നേരിടുന്നുണ്ടെങ്കിൽ ആയത് ഉചിതമാർഗ്ഗേന ഉന്നതാധികാരികളുടേയും സർക്കാരിന്റേയും ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹരിക്കുന്നതിനായി ശ്രമിക്കേണ്ടതാണ്.

# 1-34 പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

വിവിധ പദ്ധതികൾ മുഖേന ഗാർഹിക കണക്ഷനുകൾ അനുവദിച്ചതിനു പുറമെ തദ്ദേശമിത്രം പദ്ധതി ഉപയോഗിച്ച് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുകയുണ്ടായി. ഇതിനു ശേഷം പൊതുടാപ്പുകൾ പൂർണ്ണമായും നിർത്തലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് 8.02.18 ന് പഞ്ചായത്ത് കേരളാ വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, ഷൊർണ്ണൂരിലേക്ക് കത്തയച്ചിട്ടുണ്ട്. അതുവരെയുള്ള ഡിമാന്റ് കുടിശ്ശികയടക്കം 407986/-രൂപ 8.02.18 ന് പഞ്ചായത്ത് കേരളാ വാട്ടർ അതോറിറ്റിയിലേക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ ഇതിനു ശേഷവും വാട്ടർ അതോറിറ്റി പഞ്ചായത്തിന് ഡിമാന്റ് നോട്ടീസ് അയക്കുന്നുണ്ട്. 7.09.19 ലെ ഡിമാന്റ് അനുസരിച്ച് അടവാക്കേണ്ട തുകയുടെ വിവരം താഴെ ചേർക്കുന്നു.

ആകെ പൊതുടാപ്പുകൾ - 64

മുന്നിരിപ്പ് - 641371

ഫൈൻ - 11835

തൻമാസത്തെ ഡിമാന്റ് - 28000

ആകെ - 681206

മുഴുവൻ കുടിശ്ശികയും അടച്ച് തീർത്തെങ്കിലും പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പഞ്ചായത്ത് തിട്ടപ്പെടുത്തിയിട്ടില്ല. 8.02.18 ലെ കത്തിന്റെ അടിസ്ഥാനത്തിൽ പൊതുടാപ്പുകൾ ഡിസ്മാന്റിൽ ചെയ്യുന്നതിന് വാട്ടർ അതോറിറ്റി 95000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ആയത് അടവാക്കി ടാപ്പുകൾ ഒഴിവാക്കേണ്ടതാണ്. ആയതിനാൽ 8.02.18ന് കുടിശ്ശിക അടച്ചുതീർത്തതിനാൽ തുടർന്നുള്ള ഡിമാന്റ് പ്രകാരമുള്ള തുക പഞ്ചായത്ത് അടവാക്കേണ്ടതില്ല. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-35 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ് - സംയുക്ത പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്

നിർവ്വഹണം - അസി.സെക്രട്ടറി

പ്രൊജക്റ്റ് നം - 147/19

അടങ്കൽ - 300000 (വികസന ഫണ്ട്)

ചെലവ് - 62839 (ബിൽ നം.18, 19,20/27.03.2019)

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ അടിസ്ഥാന വികസനവും, സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുന്നതിന് സ.ഉ(എം.എസ്)144/2013/ത.സ്വ.ഭ.വ 6.04.2013ലെ നിബന്ധനകൾ പ്രകാരം പഞ്ചായത്തിൽ കലിംഗ എന്ന പേരിൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. 7-ാം വാർഡിൽ കാട്ടുകുളം ഹയർ സെക്കന്ററി സ്കൂളിനു സമീപമുള്ള നിലവിൽ വിനിയോഗിക്കാത്ത അങ്കണവാടി കെട്ടിടത്തിലാണ് കഴിഞ്ഞ 10 മാസമായി സെന്റർ പ്രവർത്തിച്ചു വരുന്നത്.

<u>ബഡ്സ് ബി.ആർ.സി യുടെ ലക്ഷ്യങ്ങൾ</u>

1. മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന 18 വയസ്സ് കഴിഞ്ഞ വ്യക്തികൾക്ക് പകൽ പരിപാലനവും പരിചരണ സേവനങ്ങളും തൊഴിൽ പരിശീലനങ്ങളും നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന് ബി.ആർ.സി ലക്ഷ്യമിടുന്നു.

2. ഭിന്നശേഷിയുള്ളവരുടെ ക്ഷേമം ലക്ഷ്യമാക്കി ബോധവൽക്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പ്, വിവിധ അവകാശങ്ങളും, ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് നേതൃത്വം നൽകൽ.

3. സ്പീച്ച് തെറാപ്പി, ഒക്യുപേഷണൽ തെറാപ്പി, ഫിസിയോ തെറാപ്പി, ഹോർട്ടികൾച്ചർ, അഗ്രോ തെറാപ്പി, മ്യൂസിക്കൽ തെറാപ്പി, യോഗ എന്നീ സേവനങ്ങൾ നൽകുക.

<u>നിലവിലെ പ്രവർത്തനം</u>

പൂക്കോട്ട്കാവ് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിദ്യാലയങ്ങളിൽ പ്രവേശനം നേടി പോകാത്ത കുട്ടികൾ ഉൾപ്പെടെയുള്ള 11 ഭിന്നശേഷിക്കാരാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇവരുടെ രക്ഷിതാക്കൾക്ക് ജോലിക്കു പോലും പുറത്തു പോകാൻ പറ്റാത്ത സാഹചര്യം, സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറി ജീവിക്കേണ്ടി വരുന്ന പ്രശ്നം എന്നിവ പരിഹരിക്കുന്നതിന് സെന്റർ സ്ഥാപിച്ചതിലൂടെ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

രജിസ്റ്റർ ചെയ്ത മുഴുവൻ പേരെയും സെന്ററിൽ എത്തിക്കാൻ വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ടീച്ചറെയും, ഹെൽപ്പറെയും നിയമിച്ച് ഇവർക്കുള്ള ശമ്പളവും, ഗുണഭോക്താക്കളുടെ ഭക്ഷണ ചെലവുകളും, വാഹന വാടകയും പദ്ധതി വിഹിതത്തിൽ നിന്നും, തനത് ഫണ്ടിൽ നിന്നും വകയിരുത്തി നൽകി വരുന്നു. ഭക്ഷണ ചെലവിന് സുമനസ്സുകളുടെ സംഭാവനകളും സ്വീകരിക്കുന്നുണ്ട്. രക്ഷിതാക്കളുടെ ഗ്രൂപ്പ് രൂപീകരിച്ച് ഇവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതികളും തയ്യാറാക്കി വരുന്നുണ്ട്.

നിലവിലുള്ള അങ്കണവാടി കെട്ടിടത്തിന് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്, സാനിട്ടറി സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമായിട്ടുണ്ട്.

ഓഡിറ്റ് ടീം സെന്റർ സന്ദർശിച്ചതിൽ സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടക്കുന്നതായി ബോധ്യപ്പെട്ടു. ഇവർക്ക് നൽകേണ്ടുന്ന ചികിത്സ, തൊഴിൽ പരിശീലനം തുടങ്ങിയവക്ക് കെട്ടിടത്തിലെ സ്ഥല പരിമിതി ഒരു തടസ്സമാണ്.



ബഡ്സ് സ്കൂൾ കെട്ടിടം

<u>അക്കൗണ്ടിങ്ങ് രീതി</u>

നിർവ്വഹണോദ്യോഗസ്ഥനായ അസി.സെക്രട്ടറിയുടെയും, പഞ്ചായത്ത് പ്രസിഡന്റിന്റെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. (കാനറാ ബാങ്ക്, അക്കൗണ്ട് നം - 1587101020262). ടി അക്കൗണ്ടിൽ നിലവിൽ 15627/-രൂപ നീക്കിയിരുപ്പുണ്ട്.

<u>പദ്ധതിക്കായി ലഭ്യമായ വരവുകൾ</u>

പദ്ധതി നടത്തിപ്പിനായി കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്ന് ലഭ്യമായ 12,50000/-രൂപ നിലവിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ആയത് വിനിയോഗിച്ചിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. പദ്ധതി മാർഗ്ഗരേഖ സ.ഉ (എം.എസ്) 22/2018 ത.സ്വ.ഭ.വ തീയതി 14.02.2018 അദ്ധ്യായം - 7, ഖണ്ഡിക 7.1.8 ലെ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്തുകൾ ആരംഭിക്കുന്ന ബഡ്സ് സ്കൂളുകൾക്ക് സ്ഥലം വാങ്ങൽ, കെട്ടിട നിർമ്മാണം, ഫർണിച്ചർ, മറ്റ് ഉപകരണങ്ങൾ എന്നിവക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്താവുന്നതാണ്. ഇതനുസരിച്ച് വരും വർഷങ്ങളിൽ സംയുക്ത പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

2. സർക്കാർ ഉത്തരവ് (എം.എസ്) 152/09/ത.സ്വ.ഭ.വ 1.08.2009 ലെ നിർദ്ദേശമനുസരിച്ച് പഞ്ചായത്തിൽ ബഡ്സ് സ്കൂൾ മാനേജ്മെന്റ് സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാവുന്നതാണ്.

3. പദ്ധതി നടത്തിപ്പിനായി ലഭ്യമാകുന്ന വരവുകളുടെ രസീതുകൾ, കളക്ഷൻ രജിസ്റ്റർ എന്നിവയും, വരവ്-ചെലവുകൾ രേഖപ്പെടുത്തുന്നതിനായി കാഷ് ബുക്കും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. സന്നദ്ധ സംഘടനകൾ മുഖേന ലഭ്യമാകുന്ന വരവിന് പ്രത്യേക അക്കൗണ്ട് തുടങ്ങാവുന്നതും, വരവ്-ചെലവുകൾ രേഖപ്പെടുത്തുന്നതിനായി സബ്സിഡിയറി കാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കാവുന്നതുമാണ്.

4. പദ്ധതി നടത്തിപ്പിനായി കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്ന് ലഭ്യമായ 12,50000/-രൂപ നിലവിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഈ തുക നിർവ്വഹണോദ്യോഗസ്ഥനായ അസി.സെക്രട്ടറിയുടെയും, പഞ്ചായത്ത് പ്രസിഡന്റിന്റെയും പേരിൽ ആരംഭിച്ച സംയുക്ത അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

3. ബഡ്സ്/ ബി.ആർ.സി സ്ഥാപനങ്ങൾക്ക് ജി.ഒ (എം.എസ്) നം. 20/18/ ത.സ്വ.ഭ.വ തീയതി 7.02.2018 പ്രകാരം ബാധകമായ പൊതു നിബന്ധനകൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-36 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ - തനത് ഫണ്ടിലേക്ക് മുതൽകൂട്ടാവുന്നതാണ്

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് - ബി-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ വിവരം ചുവടെ ചേർക്കുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇവ 2014-15 വർഷം മുതൽ നിക്ഷേപിച്ചിട്ടുള്ളവയാണ്.

| ഡെപ്പോസിറ്റ് | തുക |
|---|---|
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 26375 |
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 103174 |
| ബിഡ്ഡേഴ്സ് ഇ.എം.ഡി | 37550 |
| കോൺട്രാക്ടേഴ്സ് റിടെൻഷൻ | 66292 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282(1) അനുസരിച്ച് മൂന്ന് വർഷം കാലാവധി കഴിഞ്ഞിട്ടും തിരികെ നൽകാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്.

# 1-37 അഗതി രഹിത കേരളം പദ്ധതി - അവലോകനം

നിർവ്വഹണം - അസി.സെക്രട്ടറി

പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്തിലെ അഗതി രഹിത കേരളം പദ്ധതിയുടെ ആക്ഷൻ പ്ലാൻ 9.03.2019 തീയതിയിൽ കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്ന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിക്കു വേണ്ടി സർവ്വെ നടത്തിയതിൽ ആശ്രയ രണ്ടാം ഘട്ടം അവസാനിക്കുമ്പോൾ ബാക്കിയുണ്ടായിരുന്ന 94 ഗുണഭോക്താക്കളെയും, പുതിയതായി ഉൾപ്പെടുത്തിയ 16 ഗുണഭോക്താക്കളെയും ചേർത്ത് ആകെ 110 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ആശ്രയ ഭവന പദ്ധതി പ്രകാരം ബാക്കിയുള്ള 7ഗുണഭോക്താക്കളെ ലൈഫ് മിഷൻ പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

അഗതി രഹിത കേരളം പദ്ധതിക്കായി അസി.സെക്രട്ടറിയുടെയും, സി.ഡി.എസ് ചെയർപേഴ്സൺന്റെയും പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. (കാനറാ ബാങ്ക്, അക്കൗണ്ട് നം - 1587101020117). ആശ്രയ ഒന്ന്, രണ്ട് ഘട്ടങ്ങളിൽ അക്കൗണ്ടുകളിൽ അവശേഷിച്ചിട്ടുള്ള നീക്കിയിരുപ്പ് പലിശ സഹിതം അഗതി രഹിത കേരളം അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. നിലവിൽ ഈ അക്കൗണ്ടിൽ 1551394/-രൂപ നീക്കിയിരുപ്പായി അവശേഷിക്കുന്നു. ആശ്രയ അക്കൗണ്ടുകൾ ക്ലോസ് ചെയ്തത് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. അഗതി രഹിത കേരളം ഗുണഭോക്താക്കൾക്കായി 13-ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) - സ.ഉ (കൈ) നം- 11/18/ ത.സ്വ.ഭ.വ തീയതി 29.01.18 ലെ

നിർദ്ദേശങ്ങളനുസരിച്ച് പ്രത്യേക പരിചരണ സേവന പാക്കേജ് (ഭക്ഷണം, ആരോഗ്യസുരക്ഷ, ഭിന്നശേഷി സഹായം, കിടപ്പാടം,പാർപ്പിടം,കുടിവെള്ളം,വസ്ത്രം, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം തുടങ്ങിയവ) തയ്യാറാക്കാവുന്നതാണ്.

2. മെഡിക്കൽ ക്യാമ്പ് നടത്തി അർഹരായ ഗുണഭോക്താക്കളുടെ ഡാറ്റ സി.എച്ച്.സി യിൽ സൂക്ഷിക്കേണ്ടതാണ്.

3. പദ്ധതി നടത്തിപ്പിനായി ലഭ്യമാകുന്ന വിവിധ ഫണ്ടുകളുടെ വിനിയോഗം അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖയനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

4. പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുവാൻ ഒരു ഉപസമിതി രൂപീകരിച്ച് പുരോഗതി റിപ്പോർട്ട് ഓരോ രണ്ട് മാസത്തിലും തയ്യാറാക്കി ഭരണസമിതിക്ക് നൽകേണ്ടതും, ഭരണസമിതി ആയത് ചർച്ച ചെയ്ത് നടപടി റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതുമാണ്. അഗതി കുടുംബങ്ങളുടെ മേൽനോട്ടം ചുമതലപ്പെടുത്തിയ അയൽക്കൂട്ടം ഒരു മോണിട്ടറിങ്ങ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

5. ആശ്രയ നിർബന്ധിത പ്രൊജക്ടാണെന്നിരിക്കെ 13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം ലഭ്യമാകുന്ന തുക സമയബന്ധിതമായി വിനിയോഗിക്കേണ്ടതുമാണ്.

6. പദ്ധതി പ്രവർത്തനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ ആശ്രയ പ്രകാരം മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയെപ്പറ്റി യാതൊരു വിലയിരുത്തലുകളും നടത്തിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിങ്ങ് ഗ്രൂപ്പ് എന്നിവരുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതും പദ്ധതി മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്.

ഭാഗം-2

വരവിനങ്ങളിലുള്ള പരാമർശങ്ങൾ - ഒന്നുമില്ല

ഭാഗം-3

ചെലവിനങ്ങളിലുള്ള പരാമർശങ്ങൾ – ഒന്നുമില്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018- | 26.6.19 -27.6.19 | നം.കെ.എസ്.എ-പികെഡി.21- |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 415000 | 67/19-ഉഴവുകൂലി | 415000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 363750 | ലൈഫ് ജനറൽ | 363750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല | വിവരം ലഭ്യമല്ല | പാൽ സബ്സിഡി | വിവരം ലഭ്യമല്ല | 626 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | 102/19പാൽ സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 50000 | 45/19-ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 50000 | 8/19-പാൽ സബ്സിഡി | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 402350 | 67/19-ഉഴവുകൂലി | 402350 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 142380 | ലൈഫ് ജനറൽ | 142380 | 0 |
| കുടുംബശ്രീ മിഷൻ | 2018-19 | 1250000 | ബഡ്സ് സ്കൂൾ | 1250000 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി, അമ്പലപ്പാറ | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 38/15.12.18 | 199736 | 199736 | - |
| കെ.എസ്.ഇ.ബി, കോതകുർശ്ശി<br><br>കെ.എസ്.ഇ.ബി, ശ്രീകൃഷ്ണപുരം | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 39/15.12.18 | 16287<br>119725 | 16287<br>119725 | -<br>- |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹.4280000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO Loan | 18.05.18 ലെ ജിഒ(എം.എസ്) നം 68/2018 എൽ.എസ്.ജി.ഡി | 4280000 | 4280000 | - | - | 4280000 |

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹.29363/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1996-97 | 27(a) | 70 | പാറുക്കുട്ടി, പ്രസിഡന്റ് | 118010100272/17.5.18 |
| 1996-97 | 27(b) | 70 | വള്ളൂർ രാമകൃഷ്ണൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 118010100287/21.5.18 |
| 2013-14 | 3-3 | 21680 | കെ.വി.ശങ്കരൻകുട്ടി, പ്രധാനാദ്ധ്യാപകൻ | 118010100054/13.4.18 |
| Pay Revision excess | | 7543 | റീന.ടി.ജെ., അക്കൗണ്ടന്റ് | 118130100692/17.9.18 |
| ആകെ | | 29363 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ

# വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹.50019707 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹.47831784 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹.34725.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | --- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഒന്നുമില്ല | | | |

ഭാഗം 1ൽ പ്രതിപാദിക്കുന്ന വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-24 | 8249 | കെ.പി.ബാലകൃഷ്ണൻ,<br>അസി.എഞ്ചിനീയർ |
| 1-25 | 476 | കെ.പി.ബാലകൃഷ്ണൻ,<br>അസി.എഞ്ചിനീയർ |
| 1-29 | 26000 | ഇ.ഹരിദാസൻ,<br>സെക്രട്ടറി |
| ആകെ | 34725 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഒന്നുമില്ല | | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഒന്നുമില്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഒന്നുമില്ല.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.പി.ബാലകൃഷ്ണൻ,<br>അസി.എഞ്ചിനീയർ | റിട്ടയേർഡ് | കോട്ടപ്പടി വീട്,<br>കടമ്പഴിപ്പുറം(പി.ഒ.),<br>പാലക്കാട് |
| | | |

| | | |
|---|---|---|
| ഇ.ഹരിദാസൻ, സെക്രട്ടറി | സെക്രട്ടറി, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് | എരളയത്ത് വീട്, ശിവൻകുന്ന്, മണ്ണാർക്കാട് |
| | | |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | | 9 |
| 1997-98 | | 2 |
| 1998-99 | | 2 |
| 1999-2000 | കെ.എസ്.എ/പി.കെ.ഡി 12/963/18 തീയതി 27.09.2018 | 3 |
| 2000-01 | | 1 |
| 2001-02 | | 4 |
| 2002-03 | | 4 |
| 2003-04 | | 9 |
| 2004-05 | കെ.എസ്.എ/പി.കെ.ഡി 12/963/18 തീയതി 27.09.2018 | 1 |
| 2005-06 | | 9 |
| 2006-07 | | 1 |
| 2007-08 | എൽ.എഫ്. പി12/2232/12 തീയതി 24.05.13 | 9 |
| 2008-09 | എൽ.എഫ്. പി12/1331/15 | 12 |

| | | |
|---|---|---|
| | തീയതി 17.09.15 | |
| 2009-10 & 2010-11 | കെ.എസ്.എ/പി.കെ.ഡി 12/1184/16തീയതി 5.10.16 | 10 |
| 2011-12 | എൽ.എഫ് പി 12/1582/14/11.11.14 | 15 |
| 2012-13 | എൽ.എഫ്.പി 12/ 931/15 തീയതി 20.10.15 | 17 |
| 2013-14 & 2014-15 | കെ.എസ്.എ/പി.കെ.ഡി 12/233/16തീയതി 5.1.18 | 22 |
| 2015-16 | നം.കെ.എസ്.എ/പി.കെ.ഡി 12/1882/16തീയതി 6.06.18 | 12 |
| 2016-17 | കെ.എസ്.എ/പി.കെ.ഡി 12/1800/17തീയതി 12.03.18 | 8 |
| 2017-18 | കെ.എസ്.എ-പികെഡി12/803/2019 തീയതി: 27.07.2019 | 38 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

# <u>അനുബന്ധം -1 ഓഡിറ്റ്സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ-പികെഡി.21-997/2019(64)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്ത ലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം</u>

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. വസ്തുനികുതി - സാംഖ്യ, സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി ഡിമാന്റ്, കലക്ഷൻ, ബാലൻസ് - സഞ്ചയ പ്രകാരമുള്ള ബുക്ക് അഡ്ജസ്റ്റ്മെ ന്റ്സ് സാംഖ്യയിൽ പ്രതിഫലിക്കുന്നില്ല.

2. സചിത്ര സോഫ്റ്റ്വെയർ ഉപയോഗിച്ച് ആസ്തി രജിസ്റ്ററിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല.

4. ജോയിന്റ് വെഞ്ച്വർ ട്രഷറി അക്കൗണ്ട് തുടങ്ങിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം - 2 വിവിധ പത്രികകൾ</u>

| Pookkottukavu Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | | | |

| | | | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 1397212.50 |
| Cash | Cash | RP-40(a) | 160394.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 593030.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3500.00 |
| 140000000 | Fees & User Charges | RP-4 | 236910.00 |
| 150000000 | Sale & Hire Charges | RP-5 | 133091.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 35044850.00 |
| 171000000 | Interest Earned | RP-9 | 53471.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6582340.00 |
| 340000000 | Deposits Received | RP-34 | 0.0 |
| 350000000 | Other Liabilities | RP-36 | 81900.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 35325.00 |
| 330000000 | Secured Loans | RP-32 | 4280000.00 |
| 340000000 | Deposits Received | RP-34 | 60145.00 |
| 350000000 | Other Liabilities | RP-36 | 72184.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2653629.00 |
| 460000000 | Loans, Advances and Deposits | RP-47 | 189332.00 |
| | Grand total | | 51577313.50 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2856258.00 |
| 220000000 | Administrative Expenses | RP-12 | 505008.00 |
| 230000000 | Operations & Maintenance | RP-13 | 906492.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 4534055.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 16730982.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1750625.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 730185.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 227640.00 |
| 255000000 | Maintenance Projects | RP-20 | 8070800.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 0.0 |
| 280000000 | Prior Period item | RP-26 | 250.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1005659.00 |
| 350000000 | Other Liabilities | RP-36 | 3851971.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 8546.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 13500.00 |
| 350000000 | Other Liabilities | RP-36 | 1581420.00 |
| 410000000 | Fixed Assets | RP-38 | 3423904.00 |
| 412000000 | Capital work in Progress | RP-40 | 122985.00 |
| 460000000 | Loans, Advances and Deposits | RP-47 | 1511504.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 3726731.50 |
| Cash | Cash | RP-40(b) | 18798.00 |
| | Grand Total | | 51577313.50 |

| Pookkottukavu Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2030360.00 |
| 130000000 | Rental Income from Panchayat / | I-3 | 3500.00 |

| | | | |
|---|---|---|---|
| | Municipal Properties | | |
| 140000000 | Fee & User Charges | I-4(b) | 268610.00 |
| 150000000 | Sale & Hire Charges | I-5(b) | 133091.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 92291291.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 53471.00 |
| 180000000 | Other Income | I-9 | 264488.00 |
| | Total Income | | 95044811.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8235690.00 |
| 220000000 | Administrative Expenses | I-11(b) | 505008.00 |
| 230000000 | Operations & Maintenance | I-12(b) | 906492.00 |
| 240000000 | Interest & Finance Charges | I-13 | 8546.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4596894.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 39265680.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1750625.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 730185.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 31471740.00 |
| 255000000 | Maintenance Projects | I-14(e) | 8070800.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 272000000 | Depreciation | I-17(a) | 278624.00 |
| | Total Expenditure | | 95820284.00 |
| | Gross Surplus/ Deficit of income over Expenditure | | -775473.00 |
| | | | |

| | | | |
|---|---|---|---|
| 280000000 | Prior Period Item | I-18 | 83539.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -859012.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Pookkottukavu Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 29030715.40 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 7329.00 |
| 312000000 | Reserves | B-3 | 33826957.00 |
| | Total Reserve & Surplus | | 62865001.40 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4050067.00 |
| | Total Grants, Contributions for Specific Purposes | | 4050067.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 4280000.00 |
| | Total Loans | | 4280000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 363683.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 528630.00 |
| | Total Current Liabilities and Provisions | | 892313.00 |
| | TOTAL LIABILITIES | | 72087381.40 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 63272771.00 |
| 411000000 | Accumulated Depreciation | B-11 | -278624.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 62994147.00 |

| | | | |
|---|---|---|---|
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | -0.10 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 4280000.00 |
| 450000000 | Cash and Bank Balance | B-17 | 3745529.50 |
| 460000000 | Loans, Advances and Deposits | B-18 | 1067705.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 9093234.40 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 72087381.40 |